# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
**License to post without prepayment of postage**
**No. KL/PMG/NR/WPP/83/TLY/2025-27**

**Vol. 16 / Issue 6**
**June 2025**


"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

**FAMILY RENEWAL YEAR**
DIOCESE OF MANANTHAVADY

## ആഗോള കത്തോലിക്കാ സഭയുടെ വലിയ ഇടയന്
## പ്രാർത്ഥനാശംസകൾ



# ലെയോ പതിനാലാമൻ മാർപാപ്പ

മാനന്തവാടി രൂപത



റവ.ഫാ.അനൂപ് കൊല്ലംകുന്നേൽ

# ആദരാഞ്ജലികൾ

മാനന്തവാടി രൂപതാ കുടുംബം

# ബഹു. അനൂപ് കൊല്ലംകുന്നേൽ അച്ചന് ആദരാഞ്ജലികൾ

മാനന്തവാടി രൂപതാംഗമായ ബഹുമാനപ്പെട്ട കൊല്ലംകുന്നേൽ അനൂപച്ചൻ (37) നിര്യാതനായി.

ബഹുമാനപ്പെട്ട കൊല്ലംകുന്നേൽ അനൂപച്ചൻ തമിഴ്നാട് നീലഗിരി ജില്ലയിലെ കുന്നലാടിയിൽ കൊല്ലംകുന്നേൽ വർഗീസ് (കുഞ്ഞ്) വൽസമ്മ ദമ്പതികളുടെ മൂത്ത മകനായി 1988 ജൂലൈ ഒമ്പതാം തീയതി ജനിച്ചു. അജീഷാണ് അച്ചന്റെ ഇളയ സഹോദരൻ. തുഷാര സഹോദര ഭാര്യയും ഏബൽ, ഏഥൻ എന്നിവർ അവരുടെ മക്കളുമാണ്. ഉപ്പട്ടി ഭാരതമാതാ സ്കൂളിലെ പ്രാഥ മികവിദ്യാഭ്യാസത്തിനുശേഷം മാനന്തവാടി രൂപതക്കുവേണ്ടി വൈദികനാവുക എന്ന സ്വപ്നത്തോടെ 2004ൽ അച്ചൻ മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു.

മാനന്തവാടി മൈനർ സെമിനാരിയിലെ മൂന്ന് വർഷത്തെ പരിശീ ലനത്തിനുശേഷം അച്ചൻ തത്വശാസ്ത്രപഠനം നടത്തിയത് തൃശ്ശൂർ മേരിമാതാ സെമിനാരിയിലാണ്. തുടർന്ന് രണ്ടുവർഷക്കാലം ആന്ധ്ര യിലെ അനന്തപൂർ, മുദിഗുപ്പയിലെ ശ്രീ സായി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുകയും അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ വിദൂരപഠ നത്തിലൂടെ ബിരുദാനന്തരബിരുദം കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി 2015 ഡിസംബർ 29ന് പൗരോഹിത്യം സ്വീകരിച്ചു.

വൈദികനായ ശേഷം പയ്യംപള്ളി, തരിയോട്, നിലമ്പൂർ, ബോയ്സ് ടൗൺ എന്നീ ഇടവകകളിൽ അസ്തേന്തിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് ബാംഗ്ലൂർ ക്രിസ്തുജ്യോതി കോളേജിൽ യൂത്ത് മിനിസ്ട്രിയിൽ ഉപരിപഠനം നടത്തി. ബാംഗ്ലൂരിൽ നിന്ന് തിരിച്ചെ ത്തിയ ശേഷം ബോസ്പര ഇടവകയുടെ വികാരിയായും നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടറായും ശുശ്രൂഷ ചെയ്തു. തദവസരത്തിൽ ഗൂഡല്ലൂർ ഭാരതിയാർ യൂണി വേഴ്സിറ്റി കോളേജിൽ നിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര

ബിരുദപഠനം നടത്തി. 2024 മെയ് 19 മുതൽ അച്ചൻ കല്ലുമുക്ക് ഇടവകയുടെ വികാരിയായിരുന്നു. അടുത്ത നാളുകളിൽ ആരോഗ്യ പരമായ അസ്വസ്ഥതകൾ അച്ചനെ ബാധിക്കുകയും അത് കഠിനമായ ന്യുമോണിയയായി പരിണമിക്കുകയും രണ്ടാഴ്ചയോളം തീവ്രപരി ചരണം സ്വീകരിക്കുകയും ചെയ്തിരുന്നു. അടുത്ത ദിവസങ്ങളിൽ ആരോഗ്യനിലയിൽ കാര്യമായ പുരോഗതി ഉണ്ടായെങ്കിലും 2025 മെയ് 21 ന് രാവിലെ പെട്ടെന്നുണ്ടായ ഹൃദയസ്തംഭനം മൂലം അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

വളരെ ചെറുപ്പത്തിൽത്തന്നെ മരണം മൂലം മാനന്തവാടി രൂപതയ്ക്ക് അനൂപച്ചനെ നഷ്ടപ്പെടുമ്പോൾ രൂപതാകുടുംബം ഏറെ ദുഃഖിക്കുന്നു. അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിലും സ്ഥാപന ങ്ങളിലും എന്നു മാത്രമല്ല ഏവർക്കും വളരെ പ്രിയപ്പെട്ട വ്യക്തിയാ യിരുന്ന അനൂപച്ചൻ. ഏറെ സരസമായും ചിരിച്ചും എല്ലാവരോടും ഇടപെട്ടിരുന്ന അനൂപച്ചന്റെ സൗഹൃദവും സ്നേഹവും തികച്ചും നിഷ്കളങ്കമായിരുന്നു. എല്ലാവരോടും ഒരുപോലെ ഇടപെടാനും ഏതൊരാളെയും വളരെപ്പെട്ടെന്ന് തന്നോടടുപ്പിക്കാനും കഴിയുന്ന ആകർഷകമായ ഒരു വ്യക്തിത്വം അച്ചനുണ്ടായിരുന്നു. അജപാലന ഔത്സുക്യവും ദൈവജനത്തോടുള്ള കരുതലും അച്ചന്റെ ശുശ്രൂഷാ ജീവിതത്തിന്റെ പ്രത്യേകതകളാണ്. അഭിവന്ദ്യ പിതാക്കന്മാരോടും രൂപതാധികാരികളോടും സഹോദരവൈദികരോടും ചേർന്ന് രൂപത തന്നെയേല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ തീക്ഷ്ണത യോടെ നിറവേറ്റുന്നതിൽ അച്ചൻ ശ്രദ്ധാലുവും തത്പരനുമാ യിരുന്നു.

ബഹുമാനപ്പെട്ട അനൂപ് കൊല്ലംകുന്നേലച്ചന്റെ ഭൗതികദേഹം 2025 മെയ് 21 ന് സ്വന്തം ഇടവകയായ കുന്നലാടി പള്ളിയിലും തുടർന്ന് അച്ചൻ അവസാനമായി ശുശ്രൂഷ ചെയ്ത കല്ലുമുക്ക് ഇടവകയിലും പൊതുദർശനത്തിന് വെയ്ക്കുകയും രാത്രി 8.45 നു ദ്വാരക പാസ്റ്ററൽ സെന്ററിലേക്ക് കൊണ്ടുവരികയും മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ അച്ചന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ചാപ്പലിൽ വച്ച് നടത്തുകയും ചെയ്തു.

22-05-2025 ന് രാവിലെ 7 മണിക്ക് അനൂപ് അച്ചന് വേണ്ടി രൂപതാ വികാരി ജനറാൾ വി. ബലി അർപ്പിക്കുകയും തുടർന്ന്

മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നടത്തുകയും ചെയ്തു. ഉച്ചയ്ക്ക് ഒരു മണിയോടു കൂടി മൃതശരീരം സീയോൻ ഹാളിലേക്ക് മാറ്റുകയും മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗം ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ ആരംഭിക്കുകയും ചെയ്തു. ദൈവത്തിന്റെ ഹിതം നിറവേറ്റി സ്വർഗ്ഗത്തിലേക്ക് പോയ പ്രിയ അനൂപച്ചൻ വളരെ നിഷ്കളങ്കമായ ജീവിതത്തിന്റെ ഉടമയും സ്ഥാനമാനങ്ങളൊന്നും ആഗ്രഹിക്കാതെ തന്റെ ഉത്തരവാദിത്വം നിറവേറ്റിയ വൈദികനായിരുന്നുവെന്ന് ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ വി.ബലിയിലെ പ്രസംഗ മദ്ധ്യേ അനുസ്മരിച്ചു

വി. ബലിയുടെ സമാപനത്തിൽ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടറായിരുന്ന ബഹു. ബിനോയ് കാശാംകുറ്റി അച്ചൻ നന്ദി പറഞ്ഞു സംസാരിച്ചു. ബിനോയ് അച്ചന്റെ അസിസ്റ്റന്റ് ആയി സേവനം ചെയ്ത ബഹു. അനൂപച്ചനെ ഹൃദയസ്പർശിയായ വാക്കുകൾകൊണ്ട് ബഹു. ബിനോയ് അച്ചൻ അനുസ്മരിച്ചു.

അച്ചന്റെ ദേഹവിയോഗം അറിഞ്ഞ് നാനാജാതിയിൽപ്പെട്ട ആയിരക്കണക്കിന് ആൾക്കാരാണ് ഇടവകകളിലും പാസ്റ്ററൽ സെന്ററിലും ആദരാഞ്ജലികൾ അർപ്പിക്കുവാനായി എത്തിച്ചേർന്നത്. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്തയായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് അനൂപച്ചനുവേണ്ടി പ്രാർത്ഥിക്കാൻ കടന്നു വരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. മാനന്തവാടി രൂപതയിലെ വൈദികരെയും സന്യസ്തരേയും കൂടാതെ വിവിധ രൂപതകളിൽ നിന്നും നിരവധി വൈദികരും സന്യസ്തരും സംസ്കാര ചടങ്ങുകളിൽ പങ്കെടുത്ത് പ്രാർത്ഥിക്കാൻ എത്തിയിരുന്നു.

ബഹു. കൊല്ലംകുന്നേൽ അനൂപ് അച്ചന്റെ ദേഹവിയോഗത്തിൽ മാനന്തവാടി രൂപതാ കുടുംബം അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 16 ജൂൺ 2025 ലക്കം 6**

**ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


രൂപതാ കച്ചേരി വാർത്തകൾ ........ 11
കുടുംബകൂട്ടായ്മ - പഠനവിഷയം ........ 19
മൈനർസെമിനാരി വാർത്തകൾ ........ 28
മതബോധനരംഗം ........ 31
ചെറുപുഷ്പ മിഷൻലീഗ് ........ 34
Department of Youth Ministry ........ 42
കെ.സി.വൈ.എം ........ 44
കുടുംബപ്രേഷിതത്വം ........ 50
സീയോൻ വാർത്തകൾ ........ 60
സാമൂഹ്യ സേവനരംഗം (WSSS) ........ 61
ജീവസ് & കെ.എൽ.എം ........ 67
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 69
ബയോവിൻ അഗ്രോ റിസർച്ച് ........ 73
റേഡിയോ മാറ്റൊലി ........ 75
Mary Matha Arts & Science College ........ 77
സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ........ 79
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 80
ബിഷപ്സ് പ്രോഗ്രാം ........ 87

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനം അച്ചന്റെ ചരമവാർഷികം ജൂൺ 3 നും ബഹുമാനപ്പെട്ട തോമസ് കാട്ടൂരച്ചന്റെ ചരമവാർഷികം ജൂൺ 8 നും ബഹുമാനപ്പെട്ട ജെയിംസ് കുമ്പുക്കിൽ അച്ചന്റെ ചരമവാർഷികം ജൂൺ 21 നും ബഹുമാനപ്പെട്ട ജെയിംസ് പീടികപ്പാറ അച്ചന്റെ ചരമവാർഷികം ജൂൺ 28 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദികരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

**മാധ്യമദിനം – ജൂൺ 15**

2025 ജൂൺ 15 ന് മാധ്യമദിനമായി നമ്മുടെ രൂപതയിൽ ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പത്രോസിന്റെ കാശ് – ജൂൺ 29**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനങ്ങളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 29–ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ ദിനം – ജൂലൈ 3**

സീറോ മലബാർ സഭാദിനമായി കൂടി ആചരിക്കുന്ന നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സീറോ മലബാർ സഭാദിനമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ

ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ - 2025 ജൂൺ 14**

പുതിയതായി രൂപീകരിച്ച മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം ജൂൺ മാസം 14 രാവിലെ 10.30 ന് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കത്തുകൾ ലഭിക്കാതെ വന്നാൽ ഇതൊരറിയിപ്പായി കരുതി യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

മാനന്തവാടി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പ്രവേശിക്കുന്ന CMI സഭാംഗവും ലക്കിടി പള്ളി വികാരിയുമായിരുന്ന ബഹു. ഷിന്റോ അരയാനിക്കൽ അച്ചന് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ യാത്രാ മംഗളങ്ങൾ നേരുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ ലക്കിടി പള്ളി വികാരിയായി ചാർജെടുത്തിരിക്കുന്ന CMI സഭാംഗമായ ബഹു. നിഷാന്ത് പതുപ്പള്ളിൽ അച്ചന് മാനന്തവാടി രൂപതാ കുടുംബത്തിലേക്ക് സ്വാഗതം. ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

## വൈദികരുടെ റിഫ്രഷ്മെന്റ് കോഴ്സ്

(2000-2001 ഓർഡിനേഷൻ ബാച്ച് മുതൽ 2012-2013 ഓർഡിനേഷൻ ബാച്ച് വരെ)

ബഹു. വൈദികരുടെ റിഫ്രഷ്മെന്റ് കോഴ്സ് ജൂൺ മാസം 17 ന് വൈകുന്നേരം 6.30 ന് ആരംഭിച്ച് 19 ഉച്ചയ്ക്ക് അവസാനിക്കുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ബഹു. വൈദികർ ഇടവകയിലെയും സ്ഥാപനങ്ങളിലെയും മറ്റെല്ലാ കാര്യങ്ങളും ക്രമീകരിച്ച് നിർബന്ധമായും ഈ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

| | Refreshment Course 2025<br>Ordination Batches: [2000- 2001] – [2012-2013] |
|---|---|
| 1 | Perumattikunnel John |
| 2 | Thuruthel Thomas (Biju) |
| 3 | Puthenpurayil Manuel |
| 4 | Thanniyil Augustine |
| 5 | Muthukathaniyil Varghese |
| 6 | Pudussery Martin |
| 7 | Pulpayil Joseph |
| 8 | Elemkunnel Sebastian |
| 9 | Thekkepera Mathew |
| 10 | Urumbil Joseph |
| 11 | Vazhakatt Joseph |
| 12 | Munjanattu Mathew |
| 13 | Vadakkemulanjanal Michael |
| 14 | Elayidathu Mani |
| 15 | Kuzhikandathil Joseph |
| 16 | Chembakkara James |
| 17 | Kakkattikalayil Sebastian |
| 18 | Chakkittakudiyil James |
| 19 | Olickal Thomas |
| 20 | Palath Joseph |
| 21 | Ponparackal John |
| 22 | Kappiarumalayil John (Johny) |
| 23 | Painumkal Kuriakose (Binu) |
| 24 | Chettiyassery Joseph |
| 25 | Kavumkal Joseph |
| 26 | Vadakkel Emmanuel |
| 27 | Moolayil Thomas (Jimmy) |
| 28 | Mukkattukavunkal Thomas |

| | |
|---|---|
| 29 | Kassamkuttiyil Sebastian |
| 30 | Kattamkottil Joseph (Saji) |
| 31 | Karukapally Joseph |
| 32 | Painumkal George (Lal) |
| 33 | Kizhakkanputhupally John (Santhosh) |
| 34 | Chakiyathmooda Xavier |
| 35 | Kakkonal Manoj |
| 36 | Kudackachira Joseph |
| 37 | Padinjarayil Mathew (Robin) |
| 38 | Poothakkuzhi Jacob |
| 39 | Vattakkatt Paul (Roy) |
| 40 | Thondiparambil Sebastian (Biju) |
| 41 | Puthenpurayil Joseph (Sineesh) |
| 42 | Vadayaparambil Sony |
| 43 | Karuthedath Mathew (Manoj) |
| 44 | Vathelil Abraham |
| 45 | Aikkarathazhath Joseph |
| 46 | Muthanikkattu Justin |
| 47 | Onampally Alex |
| 48 | Pakkanikuzhiyil Sebastian |
| 49 | Edakkudiyil Mathew |
| 50 | Kalambukattu Joseph |
| 51 | Palathadathil George |
| 52 | Punnakkapadavil Sebastian |
| 53 | Kizhakkanputhupally Varghese (Pratheesh) |
| 54 | Puthukattil Mathew |
| 55 | Iykkarakkanayil Thomas |
| 56 | Kavalakkadan Varghese |
| 57 | Madathil Sebastian (Sunil) |
| 58 | Kattamkottil Thomas (Aneesh) |
| 59 | Kalliyatt Devassia (Jaison) |

**ബിഷപ്പ് അലക്സ് താരാമംഗലം**

സഹായമെത്രാൻ

## Transfer List - May 2025

(w. e. f. 18th May 2025)

| | | |
|---|---|---|
| 1 | Alukka George | Vicar, Mullenkolly |
| 2 | Ambalathinkal Sebastian (Manoj) | Study-German Language |
| 3 | Chakkittukudyil James | Administrative Leave |
| 4 | Chavaranal Thomas (Nikhil) | Vicar, Mangalassery |
| 5 | Edachilath Joseph (Jithin) | Study, Rome |
| 6 | Edayakondattu Paul | Vicar, Thenery |
| 7 | Elayidath Mani (Saji) | Vicar, Padichira |
| 8 | Iykarakanayil Thomas (Shiju) | Vicar, Rippon |
| 9 | Kalambukattu Joseph (Jaimon) | Vicar, Kenichira |
| 10 | Kalappura Jose (Jolly) | Vicar, Marakav |
| 11 | Kandathinkara Emmanuel (Abhishek) | Vocation Promoter, MMC |
| 12 | Kappiarumalayil John (Johny) | Vicar, Vythiri |
| 13 | Karuthedath Mathew (Manoj) | Ministry, Sehion Retreat Centre |
| 14 | Karuthedath Mathew (Rajeesh) | Vicar, Valiyakolly (additional) |
| 15 | Kassamkuttiyil Sebastian (Binoy K Sebastian) | Vicar, Thelpara |
| 16 | Kattamkottil Joseph (Saji) | Vicar, Yavanarkulam |
| 17 | Kattamkottil Thomas (Aneesh) | Director, Vianney Bhavan |
| 18 | Kizhakkanputhuppally Varghese (Pratheesh) | Vicar, Palchuram |
| 19 | Kochuparackal Mathew (Tomy) | Administrative Leave |

| | | |
|---|---|---|
| 20 | Korattiparambil Vincent | Vicar, Ottaplavu |
| 21 | Kunnath Kuriakose | Vicar, Vazhavatta |
| 22 | Kunnathett James | Vicar, Seethamount |
| 23 | Kuthukallunkal Francis Thomas | Vicar, Kunnalady |
| 24 | Kuzhikandathil Joseph (Jaison) | Vicar, Moolankavu |
| 25 | Madathil Abraham (Sunny Jose) | Vicar, Chooralmala (additional) |
| 26 | Madathil Sebastian (Sunil) | Vicar, Kallumukku |
| 27 | Mampallil Antony (Anto) | Director, Boys' Town |
| 28 | Moolayil Thomas (Jimmy) | Vicar, Puthusserikadavu |
| 29 | Moonnanal Justin | Vicar, Poolappadam |
| 30 | Moothedath Thomas (Shaji) | Vicar, Mananthavady Town |
| 31 | Mulakodiyankal Sebastian (Jofin) | CANA, Changanassery |
| 32 | Mulakudiyankal Varghese (Shaji) | Vicar, Kunjhome |
| 33 | Munjanattu Mathew (Anil) | Vicar, Chundakkara |
| 34 | Muttappallil Joseph (Giphin) | Germany |
| 35 | Myladoor George | Retired |
| 36 | Nellikunnel Francis | Vicar, Arattuthara |
| 37 | Nilackappallil Augustine | Vicar, Thalipadam |
| 38 | Onampally Alex (Jerry) | Vicar, Parathottam |
| 39 | Oravaramthara Vincent (Santhosh) | Director, CML |
| 40 | Ousepparambil Joseph (Jojo) | Vicar, Pattanikoop |

| | | |
|---|---|---|
| 41 | Painumkal George (Lal) | Vicar, Koolivayal |
| 42 | Palakkattu Antony (Nidhin) | Vicar, Santhigiri |
| 43 | Palath Joseph (Sijo) | Vicar, Muttiyel |
| 44 | Pallichankudiyil Mathai | Vicar, Karani |
| 45 | Parunthanolil Thomas | Vicar, Palemad |
| 46 | Peechattu Joseph (Jithin) | Vicar, Boys' Town |
| 47 | Periappuram Mathew (Joshi) | Vicar, Panamaram<br>Manager, De Paul School<br>Manager, Green Peak Estate |
| 48 | Perumattikunnel John (Johny) | Vicar, Kalpetta |
| 49 | Perumattikunnel Mathew | Vicar, Kelakam |
| 50 | Pinakkatt Joseph (Joy) | Retired |
| 51 | Pulinthanam Jose | Vicar, Bospara |
| 52 | Pulpayil Joseph (Joshy) | Vicar, Pulpally |
| 53 | Purakkal George (Aneesh) | Bursar- De Paul School & Asst. Manager- Green Peak Estate |
| 54 | Puthen Sebastian | Vicar, Nilambur |
| 55 | Puthenparambil James | Vicar, Thavinjal |
| 56 | Puthenpurackal Mathew (Tomy) | Vicar, Velloonny |
| 57 | Puthukulathil John | Vicar, Edapetty |
| 58 | Thenpalliyil Sebastian (Nishwin) | Asst. Director- NDS |
| 59 | Thuruthiyil Louis | FEDAR Foundation |
| 60 | Unnipally Sebastian | Vicar, Kurumbalakotta |

| | | |
|---|---|---|
| 61 | Vadayaparambil Emmanuel (Sony) | Great Britain |
| 62 | Vadayaparambil Joseph (Somy) | Vicar, Palankara |
| 63 | Vattakkatt Paul (Roy) | Vicar, Irulam |
| 64 | Vattukulathil Mathew (Jibin) | Vicar, Vallikettu |
| 65 | Vattukunnel Isaac (Sunil) | Vicar, Adikolly |
| 66 | Vazhachalil Thomas | Vicar, Vellamunda |
| 67 | Venakuzhiyil Mathai (Shijo) | Vicar, Narivalamunda |

| Religious Priest | | |
|---|---|---|
| 68 | Pathupallil John (Nishanth) CMI | Vicar, Lakkidi |

| Assistant Vicars | | |
|---|---|---|
| 69 | Manthrickal Thomas (Amal) | Asst. Vicar, Cherukattoor |
| 70 | Mulangattil Thomas (Amal) | Asst. Vicar, Manimooly |
| 71 | Pannackal Mathew (Amal) | Asst. Vicar, Kallody |
| 72 | Poikayil Joseph (Jerin) | Asst. Vicar, Cathedral |

Fr Anoop Kaliyaniyil
Chancellor

Bishop Jose Porunnedom
Bishop of the eparchy of Mananthavady

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## ജൂൺ മാസത്തെ കുടുംബകൂട്ടായ്മകളിലെ പഠനവിഷയം
## തിരുഹൃദയഭക്തി കുടുംബങ്ങളിൽ

### ആമുഖം

തിരുസഭയുടെ പഠനങ്ങൾ അനുസരിച്ച് ഓരോ ക്രിസ്തീയ കുടുംബവും ഗാർഹിക സഭയും (LG 11), ക്രൈസ്തവ സ്നേഹത്തിന്റെ പരിശീലന കളരിയുമാണ്. ഗാർഹികസഭയായ കുടുംബം ഉപയോഗിക്കുന്ന മാർഗങ്ങൾ പലതാണ്. കൂദാശകളും കൂദാശ അനുകരണങ്ങളും വിശുദ്ധഗ്രന്ഥപഠനവും, മതബോധനവും, തിരുസഭ അംഗീകരിച്ചിട്ടുള്ള വിവിധങ്ങളായ ഭക്തിമാർഗ്ഗങ്ങളും ക്രൈസ്തവ സ്നേഹം പരിശീലിക്കുവാനും പഠിപ്പിക്കുവാനും കൈമാറ്റം ചെയ്യുവാനും സഹായിക്കുന്നു. കുടുംബം ദൈവഭവനമായി നിലനിർത്തുവാൻ ഏറ്റവും സഹായകമായ ഒരു ഭക്തിയാണ് തിരുഹൃദയഭക്തി. ആധുനിക ലോകത്തിന്റെ മൂല്യഘടനയിൽ കുടുംബം എന്ന ദൈവികസാമൂഹിക സംവിധാനത്തിന്റെ കെട്ടുറപ്പ് ചോദ്യം ചെയ്യപ്പെടുമ്പോൾ ഹൃദയത്തിന്റെ പ്രാധാന്യത്തെ കണ്ടെത്തി, ഹൃദയത്തിലേക്ക് മടങ്ങി കുടുംബബന്ധങ്ങളെ സ്നേഹോഷ്മളമാക്കുവാൻ സഭാപഠനങ്ങൾ ഓർമ്മപ്പെടുത്തുന്നുണ്ട്. ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പയുടെ *സ്നേഹത്തിന്റെ ആനന്ദം* എന്ന സിനഡാനന്തര അപ്പോസ്തോലിക ആഹ്വാനവും (2016) *അവിടുന്ന് നമ്മെ സ്നേഹിച്ചു* എന്ന ചാക്രിക ലേഖനവും (2024) കുടുംബബന്ധങ്ങളിൽ നിറഞ്ഞു നിൽക്കേണ്ട സ്നേഹം എന്ന യാഥാർത്ഥ്യത്തിലേക്കും ആ സ്നേഹത്തിനായി കുടുംബങ്ങൾ മാതൃകയാക്കേണ്ട ഈശോയുടെ തിരുഹൃദയത്തിലേയ്ക്കും വെളിച്ചം വീശുന്നവയാണ്.

### വിശുദ്ധ ഗ്രന്ഥത്തിൽ ഹൃദയത്തിന്റെ പ്രാധാന്യം

വിശുദ്ധ ഗ്രന്ഥത്തിൽ വളരെയധികം ഉപയോഗിക്കപ്പെട്ടിട്ടുള്ളതും ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രതീകമാണ് ഹൃദയം. ഹീബ്രു ഭാഷയിൽ ഹൃദയത്തെ കുറിക്കുന്ന ലേബ് (ലെബാബ്) എന്ന പദം 'തുടിക്കുക' എന്ന അർത്ഥമുള്ള ലിബ് എന്ന ധാതുവിൽ നിന്നാണ് വരുന്നത്. ഹൃദയം എന്ന പദത്തിന്റെ ഉത്ഭവത്തിൽ തന്നെ അത് ക്രിയാത്മകവും ചലനാത്മകവുമാണെന്ന്

മനസ്സിലാക്കാം. കാർഡിയ (കൊയിലിയ, സ്പ്ലാൻഖ്ന) എന്ന ഗ്രീക്ക് പദവും ലത്തീൻ ഭാഷയിൽ കോർ, വെന്തെർ, വീഷെര എന്നീ വാക്കുകളും അക്ഷരാർത്ഥത്തിൽ ശാരീരിക അവയവമായും ആല ങ്കാരികമായി വ്യക്തിത്വത്തെ മുഴുവൻ ഏകോപിപ്പിക്കുന്ന ഇടമായും ഉപയോഗിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽ ഹൃദയം i) ദുഃഖം, സന്തോഷം, സങ്കടം, സ്നേഹം തുടങ്ങിയ വികാരങ്ങളുടെ കേന്ദ്രമാണ് (സുഭാ 14:10; സങ്കീ 34:18; യോഹന്നാൻ 14:1). ii) ചിന്തി ക്കുക, മനസ്സിലാക്കുക, അറിയുക തുടങ്ങിയ ബൗദ്ധിക വ്യാപാ രങ്ങളുടെ കേന്ദ്രമാണ്. ഹെബ്രായചിന്തയിൽ കാര്യകാരണ സഹിതം മനുഷ്യൻ ചിന്തിക്കുന്നത് ഹൃദയം കൊണ്ടാണ് (നിയമാ 8:5; മർക്കോ 2:68). iii) ഉദ്ദേശങ്ങൾ, തിരഞ്ഞെടുപ്പുകൾ, ദൈവത്തെ അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുക, നന്മ യായോ തിന്മയായോ പ്രവർത്തിക്കുക തുടങ്ങിയ ധാർമിക തീരു മാനങ്ങളുടെ കേന്ദ്രമാണ് (ജറ 17:9; സുഭാ 4:23; റോമ 10:10). iv) യഥാർത്ഥ ആരാധനയും, ആത്മീയ നവീകരണവും, രക്ഷയും ഹൃദയപരിവർത്തനവും സാധിക്കുന്ന ആത്മീയതയുടെ കേന്ദ്ര മാണ് (എസക്കി 36:26; മത്താ 22:37; സങ്കീ 51:10). v) പാപകര മായ പ്രേരണകളുടേയും ആഗ്രഹങ്ങളുടേയും പ്രഭവസ്ഥാനമാണ് (മത്താ 15:19; ഉല്പ 6:5). മനുഷ്യഹൃദയം സ്വാഭാവികമായി പാപ പ്രവണതയുള്ളതിനാൽ രക്ഷ ആവശ്യമുള്ളതാണ് (റോമാ 1:21). vi) ദൈവം കാണുകയും പരിശോധിക്കുകയും വിധിക്കുകയും ചെയ്യുന്ന ഒന്നാണ് (1 സാമു 16:7; ജറ 17:10). vii) പുതിയ ഉടമ്പടിയിൽ നൽകപ്പെട്ടിരിക്കുന്ന വാഗ്ദാനമാണ്. ഞാൻ നിങ്ങൾക്ക് ഒരു പുതിയ ഹൃദയം നൽകും (എസക്കി 36:2627; ഹെബ്രായർ 10:16). viii) എപ്പോഴും പുതുതായി നവീകരിക്കപ്പെടാൻ സാധിക്കുന്ന ഒന്നാണ്. ഈ നവീകരണം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് (റോമ 5:5). ix) ആരാധന (ഏശയ്യാ 29:13) വിശ്വാസം (റോമാ 10:910) പശ്ചാത്താപം (ജോയേൽ 2:1213) വിശുദ്ധീകരണം (2 കോറി 3:3) എന്നിവയുടെ ഉത്ഭവസ്ഥാനമാണ്.

ചുരുക്കത്തിൽ, ഹൃദയം കൊണ്ടുള്ള ജീവിതമാണ് ക്രൈസ്തവ ജീവിതം. അതുകൊണ്ട് സുഭാഷിതവചനം ഓർമ്മിപ്പിക്കുന്നു നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽ നിന്നാണ് ഒഴുകുന്നത്. (സുഭാ 4:23).

**തിരുഹൃദയഭക്തിയുടെ ഉത്ഭവവും പ്രചാരവും**

വിശുദ്ധഗ്രന്ഥത്തിൽ ഹൃദയം എന്ന പ്രതീകം ഇത്രമാത്രം അർത്ഥതലങ്ങൾ സമന്വയിപ്പിക്കുമ്പോൾ ദൈവഹൃദയം എന്നത് മനുഷ്യബുദ്ധിക്ക് എത്രയോ അഗ്രാഹ്യമായ ഒന്നായിരിക്കും! ദൈവഹൃദയത്തിന്റെ ഏറ്റവും നല്ല വ്യഖ്യാനം ഈശോയുടെ ഹൃദയമാണ്. തിരുഹൃദയത്തോടുള്ള ഭക്തിയുടെ അടിസ്ഥാനം പുതിയ നിയമമാണ്. തന്റെ ഹൃദയത്തെ നോക്കി പഠിക്കുവാൻ അവിടുന്ന് തന്നെ ആഹ്വാനം ചെയ്യുന്നുണ്ട്. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും (മത്താ 11:29) എന്ന വചനവും തന്റെ ഹൃദയംപോലും കുത്തിപ്പിളർക്കപ്പെട്ട് അവിടെനിന്ന് അവസാനത്തുള്ളി രക്തവും ജലവും ഒഴുക്കുന്ന അഗാധമായ സ്നേഹത്തിന്റെ വിവരണവും (യോഹ 19:3234) കരുണയുടെയും ക്ഷമയുടെയും സ്നേഹത്തിന്റെയും വചനഭാഗങ്ങളും തിരുഹൃദയ ഭക്തിയുടെ അടിസ്ഥാനമായി നിലകൊള്ളുന്ന വചനഭാഗങ്ങളാണ്. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ ക്രിസ്തുവിന്റെ ഹൃദയം ജീവജലത്തിന്റെ ഉറവയാണ് അതിൽ നിന്ന് വിശ്വാസികൾ സ്വർഗീയ കൃപകളും ജ്ഞാനവും ആശ്വാസവും സമൃദ്ധമായി നേടുന്നു.

മൂന്നാം നൂറ്റാണ്ടിൽ ആരംഭിക്കുകയും സന്യാസസമൂഹങ്ങളിലൂടെ വളർന്നുവന്നതും പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിലെ പാരലെമോണിയായിലേ വി. മാർഗ്ഗരേറ്റ് മേരി അലക്കോക്കിനു ഈശോ നൽകിയ വെളിപാടുകളിലൂടെ തഴച്ചുവളരുകയും ചെയ്ത തിരുഹൃദയഭക്തി ദൈവഹൃദയത്തിനിണങ്ങിയ ഒരു സ്നേഹസംസ്ക്കാരം ഈ ലോകത്ത് വളർത്തുവാനുള്ള ആഹ്വാനമായിരുന്നു. തുടർന്നുള്ളകാലഘട്ടങ്ങളിൽതിരുസഭാപ്രബോധനങ്ങൾതിരുഹൃദയഭക്തിയെ പ്രോത്സാഹിപ്പിച്ചു. ഈശോയുടെ തിരുഹൃദയത്തിൽ പരസ്പരം സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന അവിടുത്തെ അനന്തസ്നേഹം അനാവരണം ചെയ്യപ്പെടുന്നതിനാൽ ആ തിരുഹൃദയത്തിന് നമ്മെ തന്നെ സമർപ്പിക്കാൻ *Annum Sacrum* (1899) എന്ന ചക്രികലേഖനത്തിലൂടെ ലെയോ പതിമൂന്നാമൻ മാർപാപ്പ ആഹ്വാനം ചെയ്തു. *Miserentissimus Redemptor* എന്ന ചാക്രികലേഖനത്തിലൂടെ അനുകരണാർഹമായ തിരുഹൃദയം ക്രൈസ്തവ

വിശ്വാസത്തിന്റെ സംഗ്രഹമാണെന്ന് പതിനൊന്നാം പീയൂസ് മാർപാപ്പ പഠിപ്പിക്കുന്നു. ക്രിസ്തുവിന് നൽകാൻ നാം കടപ്പെട്ടിരിക്കുന്ന ആരാധനയുടെ ഏറ്റവും മഹത്തായ പ്രകടനമാണ് തിരുഹൃദയ ആരാധനയെന്ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പ തന്റെ ചാക്രികലേഖനമായ *ഹൗറിയേത്തിസ് അക്വാസിലൂടെ* ദൈവജനത്തെ ഉദ്ബോധിപ്പിച്ചു. ലോകത്തിന്റെ ഹൃദയമാണ് ഈശോയെന്നും അവിടുത്തെ സാന്നിധ്യത്തിന്റെ സ്പന്ദനം നമ്മുടെ ജീവിതത്തിന്റെ എല്ലാ അവസ്ഥകളെയും ഉൾക്കൊള്ളാൻ സഹായിക്കുന്നുവെന്നും ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെറുവിലെ തിരുഹൃദയ ഭക്തനായിരുന്ന ഫാ. മത്തെയോ ക്രൗളിബേവെയാണ് കുടുംബങ്ങളിലെ തിരുഹൃദയപ്രതിഷ്ഠ പ്രചാരത്തിൽ വരുത്തിയത്. അസ്വസ്ഥതകളുടെയും വിഭജനത്തിന്റെയും ആധുനികലോകത്തിൽ ഈശോയുടെ തിരുഹൃദയം സ്നേഹത്തിന്റെ ഒരു പ്രതിസംസ്കാരം രൂപപ്പെടുത്തുമെന്നും ആ സ്നേഹസംസ്കാരത്തിന്റെ തണലിൽ പച്ചപിടിക്കേണ്ടതാണ് സഭയുടെ അടിസ്ഥാന ഘടകമായ കുടുംബം എന്ന ബോധ്യത്തിൽനിന്നുമാണ് അദ്ദേഹം തിരുഹൃദയപ്രതിഷ്ഠ ആരംഭിക്കുന്നത്. കൂടാതെ വി. മാർഗരറ്റ് അലക്കോക്കിന് ഈശോ നൽകിയ 12 വാഗ്ദാനങ്ങളിലൊന്ന് തിരുഹൃദയചരായ പ്രതിഷ്ഠിക്കുന്ന കുടുംബങ്ങളിൽ താൻ സമാധാനം സ്ഥാപിക്കുമെന്നും പരീക്ഷകളിൽ അവരെ ആശ്വസിപ്പിക്കുമെന്നും അവരുടെ എല്ലാ വ്യാപാരങ്ങളെയും അനുഗ്രഹിക്കുമെന്നും, ആവശ്യങ്ങളിലിരിക്കുന്ന കുടുംബങ്ങളിലേയ്ക്ക് കൃപ വർഷിക്കുമെന്നുമാണ്. ഈ വാഗ്ദാനവും കുടുംബങ്ങളിലെ തിരുഹൃദയ പ്രതിഷ്ഠയ്ക്ക് കാരണമായി. 1986ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇന്ത്യയിൽ നടത്തിയ അജപാലകസന്ദർശനത്തിലെ ശ്രദ്ധേയമായ ഒന്നായിരുന്നു ഡൽഹി നഗരത്തെ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചത്. തിരുഹൃദയഭക്തിക്കു പ്രതിഷ്ഠിക്കപ്പെട്ട മുപ്പതോളം സമൂഹങ്ങൾ ഇന്ന് ഭാരതത്തിലുണ്ട്. കേരളക്കരയിൽ തിരുഹൃദയഭക്തി പ്രചാരകനായിരുന്നു തിരുഹൃദയ സന്യാസിനി സമൂഹസ്ഥാപകനായ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ. കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. 1856 ൽ പീയൂസ്

ഒൻപതാമൻ മാർപാപ്പ തിരുഹൃദയത്തിരുന്നാൾ സഭയിൽ ഔദ്യോഗികമായി ആരംഭിച്ചതുമുതൽ ഇന്നുവരെ സഭയുടെ പ്രബോധന അധികാരം ഈ ഭക്തിയെ വളർത്തുവാനും പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും ദൈവജനത്തെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

**തിരുഹൃദയം നമ്മെ പഠിപ്പിക്കുന്നതെന്ത്?**

തിരുഹൃദയഭക്തി പ്രായോഗികതയുടെ ഭക്തിയാണ്. 'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന ചാക്രികലേഖനത്തിന്റെ രണ്ടാം അധ്യായത്തിൽ ഫ്രാൻസിസ് മാർപാപ്പ ഈശോയുടെ ഹൃദയത്തിന്റെ പ്രത്യേകതകൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. വിശദീകരണങ്ങളിലൂടെയല്ല, പ്രവർത്തികളിലൂടെയാണ് അവിടുന്ന് സ്നേഹിച്ചത്. ഈശോയുടെ പ്രവൃത്തികൾ അവിടുത്തെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്നവയിരുന്നു. സ്നേഹത്തിന്റെ അനുഭവവേദ്യമായ ഇടപെടലുകളായിരുന്നു ഇവയോരോന്നും. അടുത്ത് വരുന്ന (യോഹ 1:11), സ്വന്തമായി കരുതുന്ന അവിടുത്തെ ശൈലിയും മനുഷ്യരെ തേടിപ്പോകുന്ന, അവരെ സമീപിക്കുന്ന, അവരുമായി കൂടിക്കാഴ്ചയ്ക്ക് തയ്യാറാകുന്ന ആർദ്രസ്നേഹവും (യോഹ 4:57; ലൂക്ക 7:36-50) ഹൃദയത്തിന്റെ പ്രത്യേകതകളാണ്. അമ്മ തന്റെ കുഞ്ഞിന്റെ ആവശ്യങ്ങളറിയുന്നതുപോലെ കരുതലിന്റെ സ്പർശനങ്ങളിലൂടെയാണ് അവിടുന്ന് സൗഖ്യങ്ങൾ നൽകിയത് (മത്താ 8:3,15; 9:2,22,29). ആഴമേറിയ നോട്ടത്താൽ അവിടുന്ന് ഹൃദയങ്ങളെ അറിയുകയും ദൗത്യങ്ങൾ ഏൽപ്പിക്കുകയും ചെയ്യുന്നു (മർക്കോ 10:21; യോഹ 1:48). വിധവ സമർപ്പിച്ച ചെമ്പുകാശിനെ ശ്രദ്ധിച്ച അവിടുന്ന് നമ്മുടെ ചെറിയ സ്നേഹപ്രവർത്തികളെ അറിയുകയും അതിനെ വിലമതിക്കുകയും ചെയ്യുന്നു. തന്നോടൊപ്പം ഉള്ളവരുടെ വിശപ്പും ദാഹവും മനസിലാക്കി പ്രവർത്തിക്കുവാനുള്ള അനുകമ്പ അവിടുത്തേയ്ക്കുണ്ടായിരുന്നു. കുരിശിൽ വേദനയുടെ പാരമ്യത്തിൽ ക്ഷമിച്ചുകൊണ്ടു അവിടുത്തെ സ്നേഹത്തിന്റെ വാചാലത അവിടുന്ന് വെളിപ്പെടുത്തി. ഈ സ്നേഹത്തെ നോക്കിയാണ് പൗലോസ് ശ്ലീഹ ഇപ്രകാരം പാടിയത്: സ്നേഹം ദീർഘക്ഷമയുള്ളതാണ്, ദയയുള്ളതാണ്, അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിപ്പിക്കുന്നില്ല വിദ്വേഷം പുലർത്തുന്നില്ല, അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സക

ലതും സഹിക്കുന്നു, വിശ്വസിക്കുന്നു, പ്രത്യാശിക്കുന്നു, സകല ത്തെയും അതിജീവിക്കുന്നു (1 കോറി 13:47). കുടുംബം ഇമ്പമുള്ള ഇടമാകുന്നത് ഈ സ്നേഹം കുടുംബത്തിന്റെ താളമാകുമ്പോ ഴാണ്. (*സ്നേഹത്തിന്റെ ആനന്ദം,* 89-164).

**ക്രിസ്തീയ കുടുംബം: തിരുഹൃദയം ഭരിക്കുന്ന ഗാർഹികസഭ**

ഗാർഹികസഭയായ കുടുംബം ക്രിസ്തുവിന്റെ സ്നേഹം വസിക്കുന്ന ജീവനുള്ള സക്രാരിയാണ്. ഈ ഹൃദയം ദൈവം തന്നെത്തന്നെ മുഴുവനായി നമുക്ക് നല്കി എന്നതിന്റെ സജീവ സാക്ഷ്യമാണ്. ഈശോയുടെ സ്നേഹം അകലങ്ങളിലുള്ളതോ അമൂർത്തമായതോ അല്ല, അരികത്തായിരിക്കുന്ന സാന്നിധ്യ മാണത്. ദൈനംദിന ജീവിതത്തിന്റെ ഏറ്റവും നിസാരവും ആവർ ത്തിക്കുന്നതുമായ പ്രവർത്തികളിൽ പ്രാർത്ഥനയും സ്നേഹവും കാരുണ്യവും ചാലിക്കുമ്പോൾ അവയോരോന്നും ക്രിസ്തുഹൃദ യത്തിന്റെ പ്രതിഫലനമാണ്. സ്വാർത്ഥതയുടെ അംശം ഇല്ലാത്ത ഹൃദയങ്ങളാണ് ദൈവികഭാവമുള്ള ഹൃദയങ്ങൾ. ഈശോയുടെ തിരുഹൃദയത്തിന് പരിഭവങ്ങൾ ഇല്ല പരാതികൾ ഇല്ല കുറ്റപ്പെടു ത്തലുകൾ ഇല്ല. പരിദേവനങ്ങൾക്കും പരാതികൾക്കും അപ്പുറം സർവതും സഹിക്കുകയും സർവ്വതും മനസ്സിലാക്കുകയും പൂർണ്ണ മായി വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ് തിരുഹൃദയത്തിന്റെ സാന്നിധ്യം. കുടുംബജീവിതത്തിലും ദൈവത്തിന്റെ സാന്നിധ്യം ഉണ്ടാകുന്നത് കുടുംബാംഗങ്ങൾ പരസ്പരം കാരുണ്യത്തോടെ കരുതലോടെ ഇടപെടുമ്പോഴാണ്. *സ്നേഹത്തിന്റെ ആനന്ദം* എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇങ്ങനെ പ്രാർത്ഥിക്കുന്നുണ്ട്: ഞങ്ങളുടെ കുടുംബങ്ങളെ ഒന്നിപ്പിന്റെയും, പ്രാർത്ഥനയുടെ സ്ഥലങ്ങളും, സുവിശേഷത്തിന്റ പഠനകളരി യും, ഗാർഹികസഭയുടെ ചെറുപതിപ്പുകളും ആക്കിത്തീർക്കണമേ. കടലിലെ നാവികർക്ക് ഒരു പ്രകാശഗോപുരം വഴികാട്ടിയാവുന്നതു പോലെ സ്നേഹരാജാവായ ഈശോയുടെ തിരുഹൃദയത്തെ നോക്കി അനുദിന ജീവിതത്തെ ക്രമീകരിക്കുന്ന ക്രൈസ്തവ കുടുംബങ്ങൾ സ്നേഹത്തിന്റെ ഒരു പ്രതിസംസ്കാരമാണ് ലോക ത്തിനു നൽകുന്നത്. സ്നേഹോഷ്മളതയുടെ പ്രതിസംസ്കാര ത്താൽ നമ്മുടെ കുടുംബബന്ധങ്ങളെയും സമൂഹബന്ധങ്ങ ളെയും ശക്തിപ്പെടുത്താനാണ് തിരുഹൃദയ ഭക്തി കുടുംബങ്ങളെ ക്ഷണിക്കുന്നത്.

**വ്യക്തിപരമായി തിരുഹൃദയഭക്തി വളർത്താനുള്ള മാർഗങ്ങൾ**

1. ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുക എന്നതാണ് (DN 67). മാനുഷിക വാത്സല്യങ്ങളും വികാരങ്ങളും നിറഞ്ഞ ഒരു ഹൃദയത്താൽ നാം സ്നേഹിക്കപ്പെടുന്നു എന്ന അനുഭവമാണ് ഹൃദയത്തിലേക്ക് പ്രവേശിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

2. നമ്മുടെ ജീവിതത്തെ പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥയാത്രയായി മനസ്സിലാക്കുക എന്നതാണ് (DN 71, 72). ക്രിസ്തീയ ജീവിതം മുഴുവൻ പിതാവിന്റെ ഭവനത്തിലേക്കുള്ള ഒരു തീർത്ഥയാത്ര പോലെയാണ്. 'പിതാവിന്റെ ഭവനം ലക്ഷ്യം വച്ചാണ് നമ്മുടെ കുടുംബം നീങ്ങുന്നതെങ്കിൽ ഭൗതിക ആഗ്രഹങ്ങൾക്കുപരി ആത്മീയദർശനങ്ങളും, ലൗകികമൂല്യങ്ങൾക്ക് പകരം ക്രിസ്തീയപുണ്യങ്ങളും കുടുംബത്തിൽ തഴച്ചു വളരും. (Pope John Paul II)

3. നമ്മുടെ ഹൃദയങ്ങളെ രൂപപ്പെടുത്താൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക എന്നതാണ്. ക്രിസ്തുവിന്റെ ഹൃദയം പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠസൃഷ്ടിയാണ്. (DN 75). എല്ലാ ആധികാരിക സ്നേഹത്തിന്റെയും ഉറവിടമായ പിതാവിന്റെ ഹൃദയത്തിലേക്ക് മടങ്ങാൻ പരിശുദ്ധാത്മാവ് നമ്മെ ക്ഷണിക്കുന്നു. (DN 77)

**തിരുഹൃദയഭക്തിയിൽ വളരാനുള്ള പ്രായോഗിക മാർഗങ്ങൾ**

ദൈവത്തിന് ഇടം നൽകാത്ത ഒരു ലോകം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ദൈവത്തെ അറിയാനും തങ്ങളെത്തന്നെ അറിയാനും സ്നേഹത്തിന്റെ സംസ്കാരം വളർത്തിയെടുക്കാനും ക്രിസ്തുവിന്റെ ഹൃദയം നമുക്ക് ആവശ്യമാണ്. വ്യക്തിതലത്തിലും കുടുംബതലത്തിലും ഇടവകതലത്തിലും തിരുഹൃദയഭക്തി വളർത്തുവാൻ സഹായകമായ ചില മാർഗങ്ങൾ:

1. ഈശോയുടെ തിരുഹൃദയരൂപം കുടുംബത്തിലും സ്ഥാപനങ്ങളിലും നമ്മുടെ ദൃഷ്ടിപതിയുന്ന ഇടങ്ങളിൽ സ്ഥാപിക്കുക. 2. കുടുംബപ്രതിഷ്ഠ: കുടുംബത്തെയും സ്ഥാപനങ്ങളെയും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുക 3. തിരുഹൃദയ നൊവേന: തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ഒൻപത് ദിവസത്തെ പ്രാർത്ഥന സംഘടിപ്പിക്കുക. 4. ആദ്യവെള്ളി ഭക്തി: ഈശോയുടെ പീഡാസഹനവും മരണവും അനുസ്മരിച്ച് ആദ്യവെള്ളിയാഴ്ചകളിൽ കുമ്പസാരിക്കുകയും വി. കുർബാന

സ്വീകരിക്കുകയും ചെയ്യുക. അന്നേദിനം പരി. കുർബാനയുടെ മുൻപിൽ അല്പസമയം ആരാധനയിൽ ചിലവഴിക്കുക 5. തിരുഹൃദയ ദിവ്യബലി: തിരുഹൃദയ തിരുനാളിനോടനുബന്ധിച്ചോ ആദ്യവെള്ളി യാഴ്ചകളിലോ പ്രത്യേക നിയോഗത്തോടെ ദിവ്യബലി അർപ്പിക്കുക. തിരുഹൃദയത്തോടുള്ള പ്രാധാന്യം അനുസ്മരിപ്പിക്കുന്ന വചന വ്യാഖ്യാനം, കറോസൂസ പ്രാർത്ഥനകൾ എന്നിവ ഉൾച്ചേർക്കുക. 6. പരി. കുർബാനയുടെ ആരാധന: ഈശോയുടെ തിരുഹൃദ ത്തിന്റെ അഗാധമായ സ്നേഹത്തെയും കരുണയേയും ആരാധി ക്കുക 7. പ്രാർത്ഥനാ ശുശ്രൂഷകൾ: ഈശോയുടെ തിരുഹൃദയ ത്തിന്റെ ഗുണങ്ങളായ സ്നേഹം, കരുണ, ശാന്തത, ക്ഷമ, കരുതൽ എന്നിവ പ്രതിഫലിപ്പിക്കുന്ന വചന ഭാഗങ്ങൾ ഉൾകൊള്ളിച്ച് പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുക 8. തിരുഹൃദയ ധ്യാനം: തിരുഹൃദയ ഭക്തിയെ ആധാരമാക്കി ധ്യാനം സംഘടിപ്പിക്കുക 9. തിരുഹൃദയഭക്തി, കാലിക പ്രസക്തി, പ്രായോഗികമാക്കൽ എന്നിവയെ ഉൾപ്പെടുത്തി കോഴ്സുകൾ, പഠനശിബിരങ്ങൾ എന്നിവ സംഘടിപ്പിക്കുക 10. തിരുഹൃദയഭക്തി കാരുണ്യത്തിലൂടെ പ്രകടമാക്കുവാൻ ദരിദ്രർ, രോഗികൾ, വയോവൃദ്ധർ എന്നിവരെ സന്ദർ ശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക 11. തിരുഹൃദയ പ്രാർത്ഥനഗ്രൂപ്പുകൾ രൂപീകരിക്കുക. 12. നവമാധ്യ മങ്ങളിൽ തിരുഹൃദയഭക്തി പ്രചരിപ്പിക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തുക 13. തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട ജൂൺമാസ ത്തിൽ തിരുഹൃദയ വണക്കമാസം പ്രാർത്ഥിക്കുകയും സാധ്യ മായ ഭക്തിമാർഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക 14. തിരു ഹൃദയധ്യാനം, തിരുഹൃദയജപമാല, തിരുഹൃദയലുത്തിനിയ, കരുണയുടെ ജപമാല എന്നിവ അനുദിനവും പ്രാർത്ഥിക്കുക 15. സമൂഹസമ്മേളനങ്ങളിലൂടെ തിരുഹൃദയഭക്തി പ്രായോഗിക മാക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം എന്ന് ചിന്തിച്ച് നടപ്പിൽ വരു ത്തുക. 16. തിരുഹൃദയഭക്തിയിൽ ഈശോയുടെ തിരുഹൃദയത്തിന് ഏൽക്കുന്ന അപമാനങ്ങൾക്ക് പരിഹാരം ചെയ്യുക പ്രധാനപ്പെട്ട താകയാൽ പ്രാശ്ചിത്തങ്ങൾ അനുഷ്ഠിക്കുകയും, ദാനധർമ്മങ്ങൾ നൽകുകയും ചെയ്യുക. 17. Missionary tool-kit വികസിപ്പിക്കുക: ദൈനംദിന ജീവിതത്തിൽ വിശ്വാസം പങ്കുവയ്ക്കുവാൻ പ്രാർ ത്ഥനകൾ ഉൾപ്പെടുത്തുക, വിശ്വാസത്തെക്കുറിച്ചുള്ള ചിന്തകൾ സംയോജിപ്പിക്കുക, തിരുഹൃദയഭക്തി ജീവിതത്തിൽ പ്രായോഗി

ക്കുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. 18. തിരുഹൃദയഭക്തരായ വിശുദ്ധാത്മാക്കളെ പരിചയപ്പെടുകയും ഭക്തി അനുകരിക്കുകയും ചെയ്യുക. 19. തിരുഹൃദയജപങ്ങൾ ഉരുവിടുക 20. സ്നേഹത്തിന്റെയും ക്ഷമയുടെയും കാരുണ്യത്തിന്റെയും അവസരങ്ങളെ തിരുഹൃദയ ഡയറിയിൽ രേഖപ്പെടുത്തുക.

**ഉപസംഹാരം**

ലെയോ XII മൻ മാർപാപ്പ പറയുന്നതുപോലെ നമ്മുടെ കർത്താവ് നമ്മുടെ ഹൃദയങ്ങളെ രാജാവെന്ന നിലയിൽ ഭരിക്കണം. കാരണം അവിടുത്തെ സ്നേഹം അനന്തമാണ്. ആ സ്നേഹം എല്ലാ അറിവിനേയും അതിശയിക്കുന്നു (AS). ഭദ്രതയുള്ള, ക്രിസ്തീയ മൂല്യങ്ങൾ തഴച്ചുവളരുന്ന കുടുംബങ്ങളിലാണ് തിരുസഭയുടെ ഭാവി ഭദ്രമാകുന്നത്. സ്വാർത്ഥതയും, ഉപഭോഗസംസ്ക്കാരവും, വ്യക്തിവാദവും, അസ്ഥിരതയുടെ ആത്മീയതയും കുടുംബബന്ധങ്ങളെ ശിഥിലമാക്കുമ്പോൾ തിരുഹൃദത്തിലേക്ക് മടങ്ങിയെത്തുവാൻ, ഹൃദയത്തിന്റെ സൗന്ദര്യം കണ്ടെത്തുവാൻ തിരുസഭ കുടുംബങ്ങളെ ക്ഷണിക്കുന്നു. ഹൃദയം നിലയ്ക്കുമ്പോൾ ജീവിതവും നിലച്ചു പോകുന്നതുപോലെ, സ്നേഹവും കരുണയും ഇല്ലാതാകുമ്പോൾ കുടുംബജീവിതവും താറുമാറാവുന്നു. മനുഷ്യസ്നേഹം തണുത്തു പോകുകയും അനേകർ ഹൃദയകവാടം ദൈവത്തിനെതിരെ അടച്ചുകളയുകയും ചെയ്യുന്ന ഈ കാലഘട്ടത്തിനു സ്വർഗ്ഗം നൽകുന്ന അസാധാരണ പ്രതിവിധിയാണ് ഈശോയുടെ തിരുഹൃദയം.

**ജൂൺ മാസത്തിൽ ചെയ്യേണ്ടവ**

1. തിരുഹൃദയ ഭക്തിയെപ്പറ്റി കുടുംബകൂട്ടായ്മകളിൽ പങ്കുവയ്ക്കുക. (ജൂൺമാസത്തിലെ പഠനവിഷയം കാണുക. പേജ് 17)
2. തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 27 ന് എല്ലാ ദേവാലയങ്ങളിലും കുടുംബങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും തിരുഹൃദയ പ്രതിഷ്ഠ നടത്തുക.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2025 ഏപ്രിൽ 14 തിങ്കളാഴ്ച രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി. മാനന്തവാടി രൂപതയ്ക്ക് വേണ്ടി കോട്ടയ്ക്ക്പ്പുറത്ത് തോമസ് (ജെഫിൻ), ചേറാടിയിൽ ചെറിയാൻ (ജിതിൻ), കുളങ്ങര പോൾ (ഷിന്റോ), ചിറയിൽപറമ്പിൽ ജോസഫ് (ജോബിൻ) എന്നിവരും, TOR സഭയ്ക്ക് വേണ്ടി മുടപ്പൻതോട്ടത്തിൽ സെബാസ്റ്റ്യൻ (ആൽബിൻ), ഈററംപ്ലാക്കൽ ജോസഫ്, താന്നിത്തടത്തിൽ ജോസ്ബിൻ എന്നിവർ മ്ശംശാന പട്ടവും, വടാശ്ശേരി ജോസഫ് (അഖിൽ), തലച്ചിറ മാത്യു (ഫെബിൻ), വടക്കൂടൻ ജോൺ (റ്റിജോ), ആതിരക്കുളങ്ങര ഡോമിനിക്ക് (ബിബിറ്റോ), കൈപ്പകശ്ശേരി മാത്യു (ജോബിൻ) എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, പുളിക്കൽ ജോൺ (അനസ്), പുതുശ്ശേരി തോമസ് (മോറിസ്), തച്ചേടത്ത് മാത്യു (നിതിൻ), തയ്യിൽ വർഗ്ഗീസ് (എബിൻ) എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

**Major Seminarians' Gathering**

2025 ഏപ്രിൽ 27 മുതൽ 30 വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം നടന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും മാർ അലക്സ് താരാമംഗലം പിതാവും, വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കലച്ചനും സമ്മേളനത്തിന് നേതൃത്വം നൽകി. 27 ന് വൈകുന്നേരം ആരംഭിച്ച സമ്മേളനത്തിൽ മൈനർ സെമിനാരി റെക്ടർ ഫാ. സജി നെടുങ്കല്ലേൽ സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹുമാനപ്പെട്ട ജിസ്സൺ പോൾ വേങ്ങാശ്ശേരി അച്ചൻ ക്ലാസുകൾ നയിച്ചു. 29-ാം തിയതി "പൗരോഹിത്യത്തെക്കുറിച്ചുള്ള യുവജനങ്ങളുടെ കാഴ്ച്ചപ്പാട്" എന്ന വിഷയത്തെ ആസ്പദമാക്കി മാനന്തവാടി രൂപതയിലെ യുവജന പ്രസ്ഥാനത്തിന്റെ നേതാക്കളുമായി സെമിനാരിക്കാർ ചർച്ച നടത്തി. ഫാ. അനൂപ് കാളിയാനിയിൽ, ഫാ. ജോസ്

കൊച്ചറക്കൽ, ഫാ. ആൽബിൻ വളയത്തിൽ, ഫാ. നിധിൻ ആലക്കാതടത്തിൽ, ഫാ. ജോണി മലയിൽ, ഫാ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു. ലീഡർമാരായ ഡീക്കൻ ജിതിൻ ചേറാടിയിൽ, ബ്രദർ അതുൽ വെളിയത്ത് എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. 2025-26 വർഷത്തെ ലീഡേഴ്സായി ബ്രദർ റ്റിജോ വടക്കൂടൻ ബ്രദർ ആൽബിൻ കുറ്റിപ്ലാക്കൽ എന്നിവരെ തിരഞ്ഞെടുത്തു.

കഴിഞ്ഞ വർഷം ഈ കൂട്ടായ്മയെ നയിച്ച ഡീക്കൻ ജിതിൻ ചേറാടിയിൽ, ബ്രദർ അതുൽ വെളിയത്ത് എന്നിവർക്ക് നന്ദി. പുതുതായി നേതൃത്വം ഏറ്റെടുത്തിരിക്കുന്നവർക്ക് ആശംസകൾ.

ഏപ്രിൽ 27 ന് ആരംഭിച്ച സമ്മേളനം 30 ന് നവ വൈദികർ അർപ്പിച്ച ദിവ്യബലിയോടെ സമാപിച്ചു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 10 ന് രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് ബിരുദാനന്തരബിരുദ പഠനം പൂർത്തിയാക്കിയ ഏറത്ത് അമൽ, മാക്കിയിൽ ഗോഡ്വിൻ, പറയരുമലയിൽ ജെസ്വിൻ, തെക്കിനേത്ത് ആൽബിൻ എന്നീ ബ്രദേഴ്സിന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വൈദിക വസ്ത്രം ആശീർവദിച്ച് നൽകി. അതോടൊപ്പം കൽക്കട്ടയിലെ Morning Star Major Seminary യിൽ ഒന്നാം വർഷ ദൈവശാസ്ത്രം പഠിക്കുന്ന കണിപറമ്പിൽ ഡെൽവിൻ, മാങ്കുട്ടത്തിൽ ആദർശ് എന്നിവർക്ക് കാറോയ പട്ടവും നൽകി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും ആരംഭിച്ചവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

| | |
|---|---|
| വടക്കൻ എബിൻ | - ആലുവ |
| കാച്ചാംകോടത്ത് എമിൽ | - ആലുവ |
| പൂക്കൊമ്പിൽ അമൽ | - ആലുവ |
| വെള്ളാപ്പാണിയിൽ ആൽബിൻ | - തൃശ്ശൂർ |
| കൂട്ടുങ്കൽ അജിൻ | - തൃശ്ശൂർ |

| | |
|---|---|
| പുതുപ്പള്ളിയിൽ ആൽവിൻ | - കുന്നോത്ത് |
| പയ്യപ്പിള്ളിയിൽ ആൽഫ്രഡ് | - കുന്നോത്ത് |
| പെരുമാട്ടിക്കുന്നേൽ ജെസ്വിൻ | - കോട്ടയം |
| പുതുപ്പറമ്പിൽ സാവിയോ | - കോട്ടയം |
| കാശ്ശാംകുറ്റിയിൽ അഭിജിത്ത് | - കോട്ടയം |

**ദൈവശാസ്ത്രം**

| | |
|---|---|
| പറയരുമലയിൽ ജെസ്വിൻ | - പൂന |
| ഏറത്ത് അമൽ | - തൃശ്ശൂർ |
| മാക്കിയിൽ ഗോഡ്വിൻ | - ആലുവ |
| തെക്കിനേത്ത് ആൽബിൻ | - കോട്ടയം |

**നന്ദി, സ്വാഗതം**

• മാനന്തവാടി രൂപതയുടെ വൊക്കേഷൻ പ്രമോട്ടറായും സെമിനാരി അദ്ധ്യാപകനായും മൂന്നുവർഷക്കാലം സ്തുത്യർഹമായ സേവനത്തിന് ശേഷം ഉപരിപഠനത്തിനായി പോകുന്ന ബഹുമാനപ്പെട്ട ജോഫിൻ മുളകൊടിയാങ്കൽ അച്ചന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. അച്ചന്റെ തുടർന്നുള്ള പഠനമേഖലകളിൽ ഒത്തിരിയേറെ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

• സെമിനാരിയിലേക്ക് അദ്ധ്യാപകനും രൂപതയുടെ വൊക്കേഷൻ പ്രമോട്ടറുമായി കടന്നുവന്നിരിക്കുന്ന ബഹുമാനപ്പെട്ട അഭിഷേക് കണ്ടത്തിൻകര അച്ചന് സ്നേഹത്തോടെ സ്വാഗതം ആശംസിക്കുന്നു. പുതിയ ഉത്തരവാദിത്വങ്ങളിൽ അച്ചന് എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

• 2025 മെയ് 13-ന് മൈനർ സെമിനാരിയിൽ വച്ച് നടന്ന അഭിവന്ദ്യ ജോസ് പിതാവുമായുള്ള പുതിയ ബാച്ചിലേക്കുള്ള കുട്ടികളുടെ കൂടിക്കാഴ്ച്ചയിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ വികാരി അച്ചന്മാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി എല്ലാ ബഹുമാനപ്പെട്ട വൈദികരുടെയും സഹകരണം അപേക്ഷിക്കുകയും ചെയ്യുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ

## പുതിയ അധ്യയനവർഷം

2025-26 അധ്യയന വർഷം മെയ് 25 ന് ആരംഭിച്ചല്ലോ. വിശ്വാസം അറിയാനും,വിശ്വാസത്തിൽ ആഴപ്പെടാനും, വിശ്വാസത്തിൽ രൂപാന്തരപ്പെടാനും, യഥാർത്ഥ ക്രൈസ്തവ വിശ്വാസ സാക്ഷിയാകാനും നമ്മെ പ്രാപ്തരാക്കുന്ന വേദിയാണ് വിശ്വാസ പരിശീലനം. കഴിഞ്ഞ വർഷങ്ങളിൽ ഈ ശുശ്രൂഷ സ്തുത്യർഹമായി നിർവഹിച്ച് വിവിധ കാരണങ്ങൾ കൊണ്ട് ഈ വർഷം തൽസ്ഥാനത്തു നിന്നും മാറിയ ബഹു. വൈദികർ, പ്രധാനാധ്യാപകർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് മറ്റ് അധ്യാപകർ എന്നിവർക്ക് സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു. നവാഗതരായ എല്ലാ വിശ്വാസ പരിശീലകരേയും കുഞ്ഞുമക്കളേയും നമ്മുടെ ഈ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. അഭിവന്ദ്യ പിതാക്കൻമാരുടെ ആശീർവാദവും പ്രാർത്ഥനയും പ്രോത്സാഹനവും നന്ദിയോടെ സ്മരിക്കുന്നു. ഇടവകകളിൽ ബഹുമാനപ്പെട്ട വികാരി അച്ചൻമാരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കുട്ടികളുടെ, മാതാപിതാക്കളുടെ സഹകരണത്തോടെ പ്രധാനാധ്യാപകരും മറ്റ് അധ്യാപകരും പ്രവർത്തിക്കണം. അധ്യാപകർ തങ്ങളുടെ മറ്റ് പ്രാർത്ഥനകൾക്കൊപ്പം കുട്ടികൾക്കു വേണ്ടിയും പ്രാർത്ഥിക്കണം. കൂദാശാ ജീവിതത്തിലും ഇടവകയിലും അധ്യാപകർ കുട്ടികൾക്ക് മാതൃകയാകണം. കുട്ടികൾക്ക് വിശ്വാസം പകർന്നു നൽകുന്നതിനൊപ്പം ക്ലാസുകൾ സമയബന്ധിതമായി പൂർത്തിയാക്കണം. കുട്ടികൾക്ക് വചനം വായിക്കുവാനും, കൂദാശകൾ സ്വീകരിക്കുവാനും പ്രചോദനം നൽകണം. അവർക്ക് വിശുദ്ധരെ പരിചയപ്പെടുത്തി കൊടുക്കണം. ഭക്തസംഘടനകളിൽ കുട്ടികളെ ഉൾപ്പെടുത്തി ഉത്തരവാദിത്വങ്ങൾ നൽകി സജീവരാക്കാൻ അധ്യാപകരുടെ സഹകരണമുണ്ടാകണം. *ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ജീവിതത്തിന് ഒരർത്ഥമുണ്ടെന്ന് തിരിച്ചറിയുക എന്നതു കൂടിയാണെന്ന്* വി. ജോൺ ഹെന്ററി ന്യൂമാൻ പറയുന്നു. ജീവിതത്തിന്റെ അർത്ഥം

തിരിച്ചറിയാത്ത തലമുറ ലഹരിയുടെയും, ആസക്തികളുടെയും പിന്നാലെ പരക്കം പായുകയും ജീവിതമവസാനിപ്പിക്കുകയും ചെയ്യുന്നത് ഇന്നത്തെ കഴ്ചകളാണല്ലോ. നമുക്ക് കൂട്ടായ പരിശ്രമത്തിലൂടെ വിശ്വാസജീവിതം കരുപ്പിടിപ്പിക്കാം. ഈശോയുടെ സാക്ഷികളാകാം.

എല്ലാവർക്കും ദൈവസ്നേഹത്തിലും കരുണയിലും നിറഞ്ഞ ഒരു നല്ല അധ്യയന വർഷം ആശംസിക്കുന്നു.

## HM Conference

മെയ് 21-ാം തീയതി നടന്ന കോൺഫ്രൻസിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലകരായ അധ്യാപകർ ക്രിസ്തു അനുഭവം സ്വന്തമാക്കി തങ്ങൾക്ക് ലഭിച്ച അനുഭവം അവർ കുട്ടികളുമായി പങ്കുവയ്ക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

വിശ്വാസ പരിശീലന രംഗത്ത് 25, 35 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, 1 മുതൽ 12 വരെ ക്ലാസ്സുകളിൽ തുടർച്ചയായി മുടങ്ങാതെ ഹാജരുള്ള കുട്ടികളെയും, 4,7,10, 12 ക്ലാസുകളിൽ സ്കോളർഷിപ്പ് ലഭിച്ചവർക്ക് ബിഷപ്പ് എമ്മാനുവേൽ പോത്തനാമുഴി സ്കോളർഷിപ്പും 12-ാം ക്ലാസിൽ ആദ്യ മൂന്ന് റാങ്കുകാർക്ക് ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ അവാർഡും നൽകി ആദരിച്ചു.

## സർവ്വേ ഫോം

മുഴുവൻ ഇടവകകളും 2025-26 വർഷത്തെ സർവ്വേ ഫോം മതബോധനത്തിന്റെ സൈറ്റിൽ (https://catechismmdy.in/panel/) ഓൺലൈനായി enter ചെയ്ത് പ്രിന്റൗട്ട് രൂപത മതബോധന കേന്ദ്രത്തിൽ ജൂൺ 23 നു മുൻപായി, പോസ്ററ് വഴിയോ നേരിട്ടോ എത്തിക്കേണ്ടതാണ്. സർവ്വേ ഫോം പൂർത്തിയാക്കി അതിന്റെ ഒരു കോപ്പി ഇടവകയിലും സൂക്ഷിക്കേണ്ടതാണ്. ഫോം പൂരിപ്പിക്കുമ്പോൾ വിവരങ്ങളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ച്, ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം enter ചെയ്യുമ്പോൾ ശ്രദ്ധിക്കണം. ഓരോ ഇടവകയിൽ നിന്നും സർവ്വേ ഫോമിൽ തന്നിരിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ചായിരിക്കും പരീക്ഷകൾക്കാവശ്യമായ ചോദ്യപേപ്പറുകൾ നിങ്ങൾക്ക് ലഭിക്കുക. അതുകൊണ്ട്, ഈ കാര്യ

ത്തിൽ വീഴ്ച വരുത്തരുത്. പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ സർവ്വേ ഫോം പൂർത്തിയാക്കുവാൻ സഹകരിക്കുമല്ലോ.

**HCC രജിസ്ട്രേഷൻ 2025-26**

ഈ അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു രജിസ്ട്രേഷൻ മതബോധനത്തിന്റെ വെബ്സൈറ്റിലൂടെ നടത്തണം. രൂപതാ ഓഫീസിൽനിന്ന് അറിയിക്കുമ്പോൾ പ്രിന്റ് എടുത്ത് കുട്ടി, പേരന്റ്, ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരുടെ ഒപ്പും, സീലും വച്ച് രൂപതാകേന്ദ്രത്തിൽ നിശ്ചിതസമയത്ത് എത്തിക്കണം. വിശദ വിവരങ്ങൾ മെസേജിലൂടെ അറിയിക്കുന്നതാണ്.

**സംസ്ഥാന പ്രതിഭാസംഗമം**

2024 മെയ് 16,17,18 തീയതികളിൽ കാക്കനാട് വച്ചു നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്ത അലൻറ് അഗസ്റ്റിൻ ഏറത്ത് - കൊട്ടിയൂർ, ക്രിസ്പോൾ ചിറ്റൂപ്പറമ്പിൽ - കണിയാരം. ശ്രേയമരിയ മങ്കുത്തേൽ - ചുങ്കക്കുന്ന്, എൽസ വടക്കേഓലിക്കൽ - വാഴവറ്റ എന്നിവർക്കും അവരെ പ്രോത്സാഹിപ്പിച്ചയച്ച വികാരിയച്ചന്മാർ, മതാധ്യാപകർ, മാതാപിതാക്കൾ നേതൃത്വം നൽകിയ ശ്രീ. ജോൺസൻ വടക്കേക്കര സാർ, സി. ലിഡിയ എന്നിവർക്കും നന്ദി.

ആമുഖ സെമിനാറിനെകുറിച്ചുള്ള വിവരങ്ങൾ HM ഗ്രൂപ്പിൽ അറിയിക്കുന്നതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

മാനന്തവാടി രൂപതയുടെ സി.എം.എൽ ഡയറക്ടറായി അഭിവന്ദ്യ പിതാവ് എന്നെ നിയമിച്ചിരിക്കുകയാണല്ലോ. ‘‘നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ’’ (വി. മർക്കോസ്:16:15) എന്ന മിശിഹായുടെ കൽപ്പന ഹൃദയത്തിൽ ഏറ്റുവാങ്ങാനും പ്രഘോഷിക്കുവാനുമുള്ള അവസരമാക്കി, കുറെ ആകുലതയും ഭയവുമൊക്കെ ഉണ്ടെങ്കിലും ദൈവത്തിലും ഒപ്പം നിങ്ങളുടെ എല്ലാ സഹകരണത്തിലും പ്രതീക്ഷയർപ്പിച്ചുകൊണ്ട് ഞാൻ ഇത് ഏറ്റെടുക്കുകയാണ്. നിങ്ങളെന്നെ സ്നേഹപൂർവ്വം സ്വീകരിക്കുമെന്നും എന്നോട് നന്നായി സഹകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെല്ലാം സേവനം ചെയ്ത് കടന്നുപോയ ഡയറക്ടർ അച്ചന്മാർക്ക് നിങ്ങൾ നൽകിയ സഹകരണമാണ് എന്റെ ധൈര്യം, ഒപ്പം അവർ തെളിച്ച വഴിയിലൂടെ മുന്നോട്ടുപോവുക എന്നതുമാണ്.

മുൻ ഡയറക്ടർ മനോജ് അമ്പലത്തിങ്കൽ അച്ചനെ നന്ദിപൂർവ്വം ഓർക്കുന്നു. എല്ലാ അംഗങ്ങളെയും സ്നേഹത്തിൽ ഒന്നിപ്പിച്ചു പരിശീലിപ്പിച്ച്, ത്യാഗത്തോടെ സംഘടനയെ വളർത്തികൊണ്ട് ക്രിസ്തുവിന്റെ  കാരുണ്യത്തിന്റെ മുഖം സമൂഹത്തിന് കാണിച്ചുകൊടുത്തു. പഞ്ചാബ് മിഷനെ എല്ലാവരുടെയും സഹകരണത്തോടെ സഹായിക്കാൻ അച്ചൻ നേതൃത്വം നൽകുകയും, തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ച് ഇപ്പോൾ പുതിയ അജപാലന ഉത്തരവാദിത്വത്തിലേക്ക് മാറിപ്പോകുന്ന മനോജ് അമ്പലത്തിങ്കൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു, നന്മകൾ നേരുന്നു. മനോജ് അച്ചനോടൊപ്പം നിന്ന് സംഘടനയെ കഴിഞ്ഞ മൂന്ന് വർഷക്കാലങ്ങളിൽ നയിച്ച ബിനീഷ് തുമ്പിയാംകുഴിയുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾക്കും സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ടോണി ചെമ്പോട്ടിക്കലിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ!... ആശം

സകൾ... മേഖലാ ഡയറക്ടർമാരായും ജോ. ഡയറക്ടർമാരായും സേവനം ചെയ്തുകൊണ്ടിരിക്കുന്നവർക്കും സ്ഥലം മാറിപ്പോകുന്ന ബഹു.അച്ചന്മാരെയും, സിസ്റ്റർമാരെയും നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ വർഷം ശാഖകൾക്ക് ജീവനും ശക്തിയും പ്രദാനം ചെയ്ത അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു. വീണ്ടും വീണ്ടും സ്നേഹസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

നമ്മൾ പുതിയൊരു അധ്യയന വർഷത്തിലേക്കും പ്രവർത്തന വർഷത്തിലേക്കും പ്രവേശിക്കുമ്പോൾ *ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്* എന്ന 2025-26 വർഷത്തെ പഠനവിഷയത്തിന്റെ വെളിച്ചത്തിൽ *ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ച് ദൈവജനം യുഗങ്ങളുടെ നാഥനും ജീവദാതാവുമായ യേശുക്രിസ്തുവിന്റെ രാജ്യം ലോകമെങ്ങും പരത്തുകയും അവിടുത്തെ ആഗമനത്തിനായി ലോകത്തെ ഒരുക്കുകയും ചെയ്യട്ടെ* എന്ന വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ ഉൾകൊണ്ടുകൊണ്ട് ദൈവസ്നേഹം സകല ജനത്തിലേക്ക് പകർന്ന് നൽകുവാൻ അതിവിപുലമായ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ നമ്മുടെ കരങ്ങളും മനസ്സും ഹൃദയവും ചേർത്തുപിടിച്ച് ഐക്യത്തോടെ മുന്നേറുവാൻ സ്വർഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ദൈവം നമ്മെ സഹായിക്കട്ടെ. പുതിയ പ്രവർത്തന വർഷത്തിലേക്ക് എല്ലാവരെയും ഒരിക്കൽകൂടി സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

സ്നേഹത്തോടെ,

**ഫാ. സന്തോഷ് ഒറവാറന്തറ**

**നന്ദിയോടെ... പടിയിറങ്ങുമ്പോൾ**

2022-2025 വർഷങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സംസ്ഥാനത്തെ ഏറ്റവും മികച്ച രൂപതയായും, കലാസാഹിത്യ മൽസരങ്ങളിൽ ഒന്നാം സ്ഥാനത്തും, രൂപതയിൽ മിഷൻലീഗ് പ്രവർത്തനങ്ങൾ ഭംഗിയായി, ചിട്ടയോടെ മുന്നേറുമ്പോൾ, നന്ദിയോടെ അനുസ്മരിക്കേണ്ട ധാരാളം വ്യക്തിത്വങ്ങൾ ഉണ്ട്. രൂപതയിൽ വച്ചു നടക്കുന്ന വിവിധങ്ങളായ പ്രവർത്തന

ങ്ങളിൽ വന്ന് സംബന്ധിക്കുകയും കുട്ടികളോട് സംവദിക്കുകയും ചെയ്യുന്ന അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്, മാർ അലക്സ് താരാമംഗലം പിതാവ്, ബഹുമാനപ്പെട്ട വികാരി ജനറാൾ പോൾ മുണ്ടോളിക്കൽ അച്ചൻ എന്നിവർക്ക് രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു. മേഖലാ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായി കഴിഞ്ഞ രണ്ടു വർഷം വിവിധ മേഖലകളെ നയിച്ച ബഹുമാനപ്പെട്ട മേഖലാ ഡയറക്റ്റേഴ്സ്, ജോ. ഡയറക്റ്റേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. രൂപതാ പ്രവർത്തനങ്ങളുടെ ചലനം എന്നത് - ശാഖാ പ്രവർത്തനങ്ങളാണ്. ശാഖയിൽ പ്രവർത്തനങ്ങൾ ഇല്ലെങ്കിൽ സംഘടന അവിടെ നിശ്ചലമാകും എന്നതാണ് സത്യം. നമ്മുടെ 160 ശാഖകളും ഉണർന്ന് വേറിട്ട് പ്രവർത്തിച്ചതിനാൽ മേൽപ്പറഞ്ഞ സ്ഥാനങ്ങളിൽ മാനന്തവാടി രൂപത എന്നും മിന്നിതിളങ്ങി നിൽക്കുന്നു. ഈ തിളക്കത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വികാരിയച്ചൻമാരെയും, സിസ്റ്റേഴ്സിനേയും, ശാഖാ ഭാരവാഹികളെയും മതാധ്യാപകരെയും നന്ദിയോടെ സ്മരിക്കുന്നു.

2022-2025 പ്രവർത്തന വർഷങ്ങളിൽ രൂപതാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ, ജോ. ഡയറക്ടർ സി. അനിലിറ്റ് എസ്.എ.ബി എസ്, മികച്ച പ്രവർത്തനങ്ങളിൽ ഓടിനടന്ന് കുറവുകളെ നിറവുകളാക്കാൻ ശ്രമിച്ച രൂപതാ പ്രസിഡന്റ് ബിനീഷ് തുമ്പിയാംകുഴി. സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ, ജനറൽ ഓർഗനൈസർ ടോണി ചെമ്പോട്ടിക്കൽ, സെന്റൽ കമ്മറ്റിയോടൊപ്പം സഞ്ചരിച്ച് മനോഹര പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു നയിച്ച മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, മറ്റ് ടീം അംഗങ്ങൾക്കും, മേൽഘടക ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഈ കാലയളവിൽ മിഷൻലീഗിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായി ഓഫീസ് ജോലികൾ ഭംഗിയായി നിർവ്വഹിച്ച ഓഫീസ് സെക്രട്ടറി സി. ലിൻഡ സി.എം.സിക്കും ഏറെ നന്ദി.

**രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റിയും ഇലക്ഷനും**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റി ചേരുകയും റിപ്പോർട്ടും കണക്കും ബഡ്ജറ്റും അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. 2025-2028 പ്രവർത്തന വർഷത്തേ

യ്ക്കുള്ള രൂപതാ സമിതിയുടെ തെരഞ്ഞെടുപ്പിന് മുന്നോടിയായി ലീഡർഷിപ്പിനെ കുറിച്ച് മാർ അലക്സ് താരാമംഗലം പിതാവ് ക്ലാസ്സെടുക്കുകയുണ്ടായി. വാർഷിക മാനേജിംഗ് കമ്മറ്റി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. നേതൃത്വം ശ്രദ്ധിക്കേണ്ട കാര്യങ്ങളും, കാലഘട്ടത്തിനനുസൃതമായ മാറ്റം സംഘടനയിലൂടെ അംഗങ്ങളിൽ ഉണ്ടാകണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

**ആദരം**

25 വർഷം വാഴവറ്റ ഇടവകയിൽ മതബോധന ഹെഡ്മാസ്റ്റർ ആയി ഒരു പ്രവർത്തി ദിനം പോലും മുടങ്ങാതെ, തന്നെ ഏല്പ്പിച്ച ജോലി കൃത്യതയോടെ ചെയ്ത രൂപത എക്സിക്യൂട്ടീവ് അംഗവും, ഏവർക്കും മാതൃകയും ആദരണിയനുമായ ജോൺ പുല്ലാപ്പിള്ളിൽ സാറിനെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ആദരിച്ചു. ചടങ്ങിൽ വികാരി ജനറാൾ പോൾ മുണ്ടോളിക്കൽ അച്ചൻ പൊന്നാട അണിയിച്ച് മെമന്റോ നൽകി.

**വിശുദ്ധ ബലിയും ആരാധനയും**

രൂപതാ ഇലക്ഷന് മുന്നോടിയായി ബഹു. മനോജ് അച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയും, സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കായി ആരാധന നടത്തുകയും ചെയ്തു.

**സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ്**

രൂപതാ പ്രസിണ്ടന്റ് ബിനീഷ് തുമ്പിയാംകുഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് മിറ്റീംഗിൽ, പഴയവരും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും ചേർന്ന് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ പുതിയ ഭാരവാഹികൾക്ക് ഫാ. മനോജ് അമ്പലത്തിങ്കൽ അച്ചൻ സത്യപ്രതിജ്ഞ ചൊല്ലികൊടുത്ത് അധികാരമേൽപ്പിച്ചു. തുടർന്ന് കഴിഞ്ഞ 3 വർഷം സംഘടനയെ നയിച്ച ഡയറക്ടർ അച്ചന് യാത്രാ മംഗളങ്ങൾ ആശംസിച്ചു സംസാരിച്ചു. 2 വർഷത്തോളം രൂപതയുടെ ജോ. ഡയറക്ടറായി പ്രവർത്തിച്ച സി. അനിലിറ്റ് എസ്.എ.ബി.എസിന് യാത്രാമംഗളങ്ങൾ.... വലിയ പ്രേഷിതന്റെ സഹനപാതയിലൂടെ, സഹനത്തിന്റെ വിത്തുവിതച്ച് സേവനത്തിന്റെ കരങ്ങളുമായി,

ത്യാഗത്തിന്റെ വിളവുകൊയ്യാൻ സിസ്റ്റർക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

**മനോജ് അമ്പലത്തിങ്കലച്ചാ... നന്ദി...**

കഴിഞ്ഞ മൂന്ന് വർഷങ്ങൾ മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രേഷിതയത്നങ്ങളുടെ അമരക്കാരനായി ബഹുമാനപ്പെട്ട മനോജ് അമ്പലത്തിങ്കൽ അച്ചൻ കർമ്മനിരതനായിരുന്നു. വ്യത്യസ്തവും നൂതനവുമായ വേറിട്ട പ്രവർത്തന ശൈലിയിൽ മികവുപുലർത്തി, കുട്ടികളുടെയും, മുതിർന്നവരുടെയും ഹൃദയങ്ങളിലേക്ക് ഈശോയുടെ സ്നേഹത്തിന്റെ പ്രകാശകിരണങ്ങൾ വിതറി, നല്ലൊരു പ്രേഷിതൻ, അല്ലെങ്കിൽ പ്രേഷിതയായി എങ്ങനെ മാറാമെന്ന്, സ്വന്തം ജീവിതത്തിലൂടെ അതിലുപരി വ്യത്യസ്ഥ ചിന്താഗതിയിലൂടെയും, ആശയങ്ങളിലൂടെയും അച്ചൻ കാട്ടി തന്നു. ആത്മീയ, ഭൗതിക നേട്ടങ്ങൾ നേടിയെടുക്കുവാൻ പര്യാപ്തമാകുന്ന ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തി ഈ കഴിഞ്ഞ മൂന്ന് വർഷങ്ങൾ സംഘടനയെ വളരെ ഊർജ്ജസ്വലതയോടെ നയിക്കുകയും സംഘടനയെ സ്നേഹിച്ചു മുന്നേറാനുള്ള വഴികൾ അച്ചൻ കാട്ടി തരികയും ചെയ്തു. ചെറുപുഷ്പ മിഷൻലീഗിന്റെ ഡയറക്ടർ എന്ന നിലയിൽ അച്ചൻ ചെയ്ത എല്ലാ പ്രവർത്തനങ്ങളെയും ഏറെ സ്നേഹത്തോടെ വിലമതിക്കുകയും, ആദരവോടെ അനുസ്മരിക്കുകയും ചെയ്യുന്നു. പ്രേഷിത ശുശ്രൂഷക്കായി പുതിയ കർമ്മരംഗത്തേക്ക് യാത്രയാകുന്ന പ്രിയ ബഹുമാനപ്പെട്ട മനോജച്ചന്റെ എല്ലാ ഉദ്യമങ്ങളും ഫലപ്രദമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു. ഒരുമിച്ച് നിൽക്കാനും ഉണർവ്വോടെ മുന്നേറാനും ഞങ്ങളെ പ്രചോദിപ്പിച്ച മനോജച്ചന്റെ സ്തുത്യർഹമായ സേവനത്തിന് ഏറ്റവും സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു. പുതിയ പ്രേഷിത മേഖലകളിൽ ക്രിസ്തുവിനായ് ശോഭിക്കാൻ ചെറുപുഷ്പ മിഷൻലീഗ് രൂപതാ സമിതിയുടെ പ്രാർത്ഥനകൾ... ആശംസകൾ...

**ചെറുപുഷ്പ മിഷൻഗീഗ് മാനന്തവാടി രൂപതയ്ക്ക് പുതിയ നേതൃത്വം**

ഡയറക്ടർ – റവ. ഫാ. സന്തോഷ് ഒറവാറന്തറ, ജോ. ഡയറക്ർ – സി. മെർളിൻ എം.എസ്.എം.ഐ, പ്രസിഡന്റ് – ടോണി ചെമ്പോട്ടിക്കൽ, കല്ലുവയൽ, വൈസ് പ്രസിഡന്റ് – അജീറ്റ കന്നുകെട്ടിയിൽ,

സെക്രട്ടറി – ജോൺ പുല്ലാള്ളിൽ വാഴവറ്റ, ജനറൽ ഓഗനൈസർ – സിജിൻ കൂടക്കാട്ട് കമ്മന, റീജനൽ ഓഗനൈസേഴ്സ് – സാന്റി പാലത്തിങ്കൽ, ആന്റണി മങ്കടപ്ര, ജോണി കൊന്നയിൽ, റോയി മുഞ്ഞനാട്ട്, തങ്കച്ചൻ മാപ്പിളക്കുന്നേൽ, സ്റ്റേറ്റ് മാനേജിംഗ് കമ്മറ്റി അംഗങ്ങൾ – വിനോദ് ഓലേടത്ത്, ജിജോ മംഗലം, ജോർജ്ജ് തെക്കേത്തൊട്ടിയിൽ, സാജൻ പേരാംകോട്ടിൽ.

**ക്രിസ്റ്റീൻ ധ്യാനം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 8–ാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികൾക്കായി ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെട്ടു. ധ്യാനം നയിച്ചത് കപ്പൂച്ചിൻ സഭാംഗമായ ഫാ. വിപിൻ വലിയനിരപ്പേലും ടീം അംഗങ്ങളുമാണ്. 136 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മേഖലയെ നയിച്ച റവ. ഫാ.അനീഷ് കാട്ടാംകോട്ടിൽ (ബത്തേരി), ഫാ. പോൾ ഇടയകൊണ്ടാട്ട് (തരിയോട്), ഫാ. ജിതിൻ എടിച്ചിലാത്ത് (കൽപ്പറ്റ), ഫാ. ജോണി കപ്യാരുമലയിൽ (മാനന്തവാടി), ജോയിന്റ് ഡയറക്ടർ സി. സിൽവിയ (മാനന്തവാടി), സി. യാൻസി (കൽപ്പറ്റ), സി. ആൻസ് മരിയ (നടവയൽ), സി. ലിസ ജോസ് (കല്ലോടി), സി. സ്റ്റെഫി (ബത്തേരി), മാനന്തവാടി രൂപതാ കുടുംബത്തിന്റെ എല്ലാവിധ നന്ദിയും ഒപ്പം പുതിയ പ്രവർത്തന മേഖലയിൽ ആശംസകളും നേരുന്നു.

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയെ 2025 വർഷം മുതൽ വേറിട്ട പ്രവർത്തനങ്ങളിലൂടെ നയിക്കാൻ അമരക്കാരനായി വന്ന പ്രിയ ബഹുമാനപ്പെട്ട സന്തോഷ് ഒറവാറന്തറ അച്ചന് ഹൃദ്യമായ സ്വാഗതം.

**ഫ്രാൻസീസ് മാർപ്പാപ്പയ്ക്ക് ആദരാഞ്ജലികൾ**

കർത്താവിന്റെ കരുണയുടെ മുഖമായി എക്കാലത്തും പ്രവർത്തിച്ചിരുന്ന ഫ്രാൻസീസ് പാപ്പാ പാവങ്ങളുടെ പക്ഷം പിടിക്കുകയും വേദനിക്കുന്നവർക്ക് വേണ്ടിയും, അടിച്ചമർത്തപ്പെട്ടവർക്ക് വേണ്ടിയും എന്നും ശബ്ദിക്കുകയും ചെയ്തിരുന്ന ആത്മീയ നേതാവായിരുന്നു.

**ലെയോ പതിനാലാമൻ പാപ്പായ്ക്ക് പ്രാർത്ഥനാശംസകൾ**

അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപ്പാപ്പ എന്ന ഖ്യാതിയോടെ പത്രോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ മാർപ്പാപ്പയ്ക്ക് പ്രാർത്ഥനാശംസകൾ. സഭയുടെ അടുത്തകാല ചരിത്രത്തിൽ ആദ്യമായാണ് ഒരു മിഷനറിയായ വ്യക്തി പാപ്പയായി ഉയർത്തപ്പെടുന്നത്. പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗിനെ സംബന്ധിച്ച് അഭിമാനകരമായ കാര്യമാണിത്. പെറു എന്ന രാജ്യത്ത് മിഷൻ പ്രവർത്തനം ചെയ്ത് ദൈവനിയോഗം പോലെ പാപ്പയായിട്ട് വന്ന വ്യക്തിയാണ് ലെയോ പതിനാലാമൻ പാപ്പാ.

**ശാഖാ ഇലക്ഷൻ**

ഇലക്ഷൻ നടത്താത്ത ശാഖകളിൽ ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ഇലക്ഷൻ നടത്തുമല്ലോ.

**ചുങ്കക്കുന്ന് മേഖല**

*മെമ്മറബിൾ മൊമൻസ് വിത്ത് ജീസസ്* എന്ന പേരിൽ രണ്ടു ദിവസത്തെ സമ്മർ ക്യാമ്പ് സംഘടിപ്പിച്ചു. *മിഷൻ ജ്വാല 2025* വാർഷികാഘോഷം നടത്തി.

**കൊട്ടിയൂർ ശാഖ**

മിഷൻലീഗ് ഭാരവാഹികളുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം സംഘടിപ്പിട്ടു. മേഖലാ ക്യാമ്പിൽ ഇരുപത് കുട്ടികൾ പങ്കെടുത്തു.

മനസ്സിലും ഹൃദയത്തിലും അപരനിലേക്ക് നീളുന്ന പ്രേഷിത ചൈതന്യം ആവാഹിച്ചെടുത്ത് പുതിയ പ്രവർത്തന വർഷത്തിൽ പുതുമനിറഞ്ഞ പ്രവർത്തനങ്ങളുമായി ചെമ്മഞ്ഞകൊടിക്കീഴിൽ നമുക്ക് അണിനിരക്കാം

**ശാഖ പ്രവർത്തന വർഷ ആരംഭം**

ജൂൺ ആദ്യ ഞായറാഴ്ചകളിൽ തന്നെ ശാഖകളിൽ പ്രവർത്തനവർഷാരംഭം നടത്തേണ്ടതാണ്.

**രൂപത കൗൺസിൽ**

ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ സംഗമിക്കുന്ന രൂപതാ കൗൺസിലും, 2025-26 പ്രവർത്തനവർഷ ഉദ്ഘാടനവും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 21 ശനിയാഴ്ച നടത്തുന്നു.

കൗൺസിലിൽ ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ. കൗൺസിലിൽ അടുത്ത വർഷത്തെ പ്രവർത്തനമാർഗ്ഗരേഖ പ്രകാശനം ചെയ്യുന്നതാണ്. സമയക്രമം: 9 മണിക്ക് രജിസ്ട്രേഷൻ, ആരാധന, ജപമാല, 9.30 ന് പതാക ഉയർത്തൽ, പൊതുസമ്മേളനം, ക്ലാസ്, സമ്മാനദാനം, ഭക്ഷണം

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ വാർഷിക റിപ്പോർട്ടുകൾ തരാത്ത ശാഖകൾ ജൂൺ 21 ന് വരുമ്പോൾ റിപ്പോർട്ടുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ജോൺ പുല്ലാപ്പിള്ളിൽ**
രൂപതാ സെക്രട്ടറി

## Life Training New Admission

നമ്മുടെ വിദ്യാർഥികൾക്ക് വേണ്ടി യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന Life Training പ്രോഗ്രാമിലേക്ക് വിദ്യാർഥികളെ ക്ഷണിക്കുന്നു. ഈ വർഷം സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലൈഫ് ട്രെയിനിങ്ങിന്റെ താമസിച്ചുള്ള പരിശീലനം ലഭിക്കുന്നു. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ളവർക്ക് പകൽ സമയത്ത് പരിശീലനം കൊടുക്കുന്നതായിരിക്കും. ഇതിലൂടെ വിവിധ എൻട്രൻസ് പരീക്ഷകൾക്കുള്ള അടിസ്ഥാന പരിശീലനം ആണ് നൽകുന്നത്. ഈ വർഷം 20 ദിവസം (100 മണിക്കൂർ) റെഗുലർ ക്ലാസുകൾ ഉണ്ടായിരിക്കും. 50 ദിവസം (1 മണിക്കൂർ വീതം) ഓൺലൈൻ വീക്കിലി ക്ലാസ്സ് ഉണ്ടായിരിക്കും. കൂടാതെ 300 ദിവസം (അരമണിക്കൂർ -എല്ലാ ദിവസവും) ഓൺലൈൻ ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

കേരളത്തിനകത്തും പുറത്തുമുള്ള പ്രഗൽഭരായ അധ്യാപകർ ഈ പരിശീലനത്തിന് നേതൃത്വം നൽകുന്നു. സയൻസ് വിഷയങ്ങളിൽ അടിസ്ഥാന പരിശീലനം പ്രത്യേകമായി Maths & Physics, German & English. ഈ പരിശീലനത്തിലൂടെ കണക്ക്, ഭൗതികശാസ്ത്രം, മറ്റ് സയൻസ് വിഷയങ്ങൾ, ഭാഷാ പഠനം (ഇംഗ്ലീഷ് & ജർമ്മൻ), കറന്റ് അഫേയേഴ്സ്, ജികെ, ലോജിക്കൽ റീസണിംഗ് എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന ക്ലാസുകൾ, നൈപുണ്യം - ഉപന്യാസ രചന, പബ്ലിക് സ്പീക്കിംഗ്, കരിയർ ലക്ഷ്യക്രമീകരണം, ഡിജിറ്റൽ കലാസൃഷ്ടി, കമ്പ്യൂട്ടർ ഭാഷകളിലേക്കും AI ലേക്കുമുള്ള ആമുഖം, തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നൽകുന്നതായിരിക്കും. ദ്വാരക പാസ്റ്റർ സെന്ററിൽ ആയിരിക്കും പരിശീലനം നടക്കുക.

ഇതിനെക്കുറിച്ച് അറിയുവാനും പങ്കുചേരാനും താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ ക്ലാസ്സുകാർക്കും നിശ്ചയിച്ചിരി

ക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് പ്രവേശനം നൽകുന്നതായിരിക്കും. താഴെ തന്നിരിക്കുന്ന ഫോൺ നമ്പറിൽ നിങ്ങളുടെ പേരും വീട്ടുപേരും ഇടവകയും ക്ലാസ്സും ഫോൺ നമ്പറും അയച്ചാൽ ഈ ഗ്രൂപ്പിലേക്ക് പ്രവേശനം നൽകുന്നതായിരിക്കും. വാട്സ് ആപ്പ് ഗ്രൂപ്പിന്റെ ലിങ്ക് ലഭിക്കാൻ താഴെ കാണുന്ന നമ്പറുകളിൽ വാട്സപ്പ് ചെയ്യുക.

Fr. Lal Jacob : 9495065656

Sr. Ancy Thomas : 8304844917

Orientation Class: on 14th June (Saturday) 2025 at Pastoral Center Dwaraka, 9am.

**സി. ആൻസി തോമസ് സി.എം.സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**ലഹരി വിരുദ്ധ ക്യാമ്പയിൻ**

24 ന്യൂസ് ചാനലും, അവതാരകൻ ശ്രീകണ്ഠൻ നായരും ചേർന്ന് നടത്തുന്ന കേരളപര്യടനം വയനാട്ടിൽ മാനന്തവാടി ഗാന്ധിപാർക്കിൽ വച്ച് നടത്തപെട്ടപ്പോൾ സംഘാടകരുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രതിനിധികളും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും ലഹരി വിരുദ്ധ ക്യാമ്പയിന് പിന്തുണ അറിയിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു.

**പ്രാർത്ഥനാദിനം**

പഹൽഗാം സംഭവത്തെ തുടർന്ന് നടന്ന യുദ്ധങ്ങൾ അവസാനിപ്പിച്ച് രാജ്യങ്ങൾ തമ്മിലുള്ള സമാധാനം പുന:സ്ഥാപിക്കാനും, സഭക്കും സമൂഹത്തിനും പ്രത്യാശ പകരുന്നവരായ യുവജനങ്ങളുടെ ആദ്ധ്യാത്മിക, സാമൂഹിക, സംഘടനാ, സാംസ്കാരിക ഇടപെടലുകളെ ആഴത്തിൽ പരിശോധിച്ച് യുവജനങ്ങളുടെ ഭാവി ദിശാ നിർണ്ണയത്തിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുക എന്ന ഉദ്ദേശത്തോടെ സംഘടിപ്പിച്ച യൂത്ത് സിനഡിനെ സമർപ്പിച്ചും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മെയ് 11 ന് പ്രാർത്ഥനാദിനമായി ആചരിച്ചു.

**യൂത്ത് സിനഡ് 2025**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മെയ് 14,15,16 തീയതികളിലായി യൂത്ത് സിനഡ് നടത്തപ്പെട്ടു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ പതാക ഉയർത്തി ആരംഭിച്ച സിനഡ് 15 ന് മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. വരുന്ന പത്ത് വർഷത്തേയ്ക്ക് മാനന്തവാടി രൂപതയിലെ യുവജനങ്ങളുടെ സുസ്ഥിര വളർച്ചയ്ക്ക് ഉതുകുംവിധം സംഘടനാ പ്രവർത്തനങ്ങളെ ക്രമീകരിക്കേണ്ടത് എങ്ങനെ എന്ന് തിരിച്ചറിയുന്നതിനും, യുവജനങ്ങളുടെ അഭിപ്രായങ്ങൾ സമാഹരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിനുമായാണ് യൂത്ത് സിനഡ് എന്ന പേരിൽ കെ.സി.വൈ.എം മാനന്തവാടി രൂപത യുവജന

സമ്മേളനം സംഘടിപ്പിച്ചത്. മൂന്നു ദിവസം നീണ്ടുനിന്ന യൂത്ത് സിനഡിൽ കെ.സി.വൈ.എം രൂപതാ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. മുൻ കെ.സി.ബി.സി യൂത്ത് കമ്മീഷൻ സെക്രട്ടറി റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ന്യൂസ് 18 കേരള വാർത്താചാനലിന്റെ അസ്സോസിയേറ്റ് എഡിറ്ററും കൊച്ചി റീജിയണൽ ബ്യൂറോ ചീഫു മായ ശ്രീ. ടോം കുര്യാക്കോസ്, വെന്യു എന്റർപ്രൈസ്ഡ് സ്ഥാപന ത്തിന്റെ സ്ഥാപകൻ ശ്രീ. അലൻ റിന്റോൾ, പൊതുപ്രവർത്തകയും സംരംഭകയുമായ ശ്രീമതി ജോയ്സ് മരിയ ആന്റണി എന്നിവർ പാനൽ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. എം.ജി. യൂണിവേഴ് സിറ്റി റിസേർച്ച് ഗൈഡും പരിശീലകനുമായ ഡോ. അലക്സ ജോർജ് ലൗവ്, സെക്സ്, ഡ്രഗ്സ് എന്ന വിഷയങ്ങളിൽ ക്ലാസ് നയിച്ചു. കെ.സി.വൈ.എം മുൻ രൂപതാ പ്രസിഡന്റുമാരെ ആദരി ക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. സമാപന സമ്മേളനം രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാതാരം വിൻസി അലോഷ്യസ് മുഖ്യാതിഥി ആയിരുന്നു. ഇരുനൂറിലധികം യുവജനങ്ങൾ വിവിധ യൂണിറ്റുകളിൽ നിന്ന് പങ്കെടുത്തു.

**Job Portal**

യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗ മായി യുവജനങ്ങൾക്ക് സഹായമായി ജോബ് പോർട്ടൽ ആരംഭിച്ചു. വിശദ വിവരങ്ങൾക്ക് രൂപതാ സമിതിയുമായി ബന്ധപ്പെടാവു ന്നതാണ്.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം, രൂപതാ ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, മുള്ളൻക്കൊല്ലി മേഖലാ ഡയറക്ടർ ഫാ. മനോജ് കറുത്തേടത്ത്, സിൻഡിക്കേറ്റ് അംഗങ്ങളായ അഖിൽ കൊല്ലംപറ മ്പിൽ, ലിജിഷ പാലക്കാട്ടുകുഴിയിൽ, മരിയ ജോമോൻ വലിയ വീട്ടിൽ, അമിത ജേക്കബ് പുത്തൻപുരക്കൽ എന്നിവർക്ക് ജന്മ ദിനാശംസകൾ നേർന്നു.

**നന്ദിയോടെ**

രണ്ടര വർഷക്കാലം ഒരമ്മയുടെ വാത്സല്യത്തോടും, കരുത ലോടുംകൂടെ കൂടെയായിരുന്ന പ്രിയപ്പെട്ട ബെൻസി സിസ്റ്റർ കെ. സി.വൈ.എം മാനന്തവാടി രൂപതയുടെ ആനിമേറ്റർ സ്ഥാനത്ത് നിന്ന് പടിയിറങ്ങുമ്പോൾ സിസ്റ്റർ സംഘടനയ്ക്ക് നൽകിയ എല്ലാ റ്റിനും, യുവാക്കളെ ചേർത്ത് പിടിച്ച്, യുവതികളെ കരുതലോടെ

നയിച്ച് സ്നേഹത്തിന്റെയും പുഞ്ചിരിയുടെയും നറുമലരുകൾ യുവജനങ്ങളിലേക്കു പകർന്ന് സംഘടനയ്ക്ക് വേണ്ടി സമയവും ഊർജ്ജവും ചിലവഴിക്കാൻ മനസ്സ് കാണിച്ച, പ്രിയപ്പെട്ട ബെൻസി സിസ്റ്ററിന് ഒരായിരം നന്ദി. തുടർ ശുശ്രൂഷകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**ആദരാഞ്ജലികൾ**

ആഗോള കത്തോലിക്കാ സഭയുടെ തലവനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ നിര്യാണത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത അനുശോചനം അറിയിക്കുകയും ഏപ്രിൽ 27 ന് കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ആഹ്വാന പ്രകാരം മാർപാപ്പയുടെ ആത്മശാന്തിക്കായി പ്രാർത്ഥനാദിനമായും ആച രിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ ജോസഫ് പരുവുമ്മേൽ അച്ചന്റെ മാതാവ് അന്നമ്മ പരുവുമ്മേലിനും കെ.സി.വൈ.എം പയ്യമ്പള്ളി മേഖലാ മുൻ പ്രസിഡന്റും നിലവിലെ ജോയിന്റ് സെക്രട്ടറിയുമായ ശ്രീ. അജൽ തോമസിന്റെ പിതാവ് ജോർജ് പെരുമ്പലിനും ആദരാഞ്ജലികൾ. ജമ്മു കാശ്മീരിലെ പഹൽ ഗാമിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട സഹോദരങ്ങൾക്ക് കെ. സി.വൈ.എം മാനന്തവാടി രൂപത ആദരാഞ്ജലികൾ അർപ്പിച്ചു.

**ആശംസകൾ**

വിശുദ്ധവാരത്തിലെ ഓരോദിവസവും ആ ദിനത്തിന്റെ പ്രത്യേകത ഉൾക്കൊണ്ടുകൊണ്ട് ആശംസകൾ നേർന്നു. എസ്. എം.വൈ.എം സംസ്ഥാന അധ്യക്ഷൻ ശ്രീ. അലക്സിനും വധു ജോമിനിക്കും കെ.സി.വൈ.എം മാനന്തവാടി രൂപതാ കുടുംബ ത്തിന്റെ വിവാഹാശംസകൾ

**മേഖലാ വാർത്തകൾ**

**നിലമ്പൂർ മേഖല**

കെ.സി.വൈ.എം നിലമ്പൂർ മേഖലയും, ബി.ഡി.കെ മലപ്പുറം ഏറനാട് താലൂക്ക് കമ്മിറ്റിയും, നിലമ്പൂർ ഗവ: ബ്ലഡ് സെന്ററുമായി സഹകരിച്ച് ഏപ്രിൽ 6 ന് ഇടിവണ്ണ സെന്റ് തോമസ് ദേവാലയ ത്തിൽ വച്ച് രക്തദാന ക്യാമ്പ് നടത്തപെട്ടു. വിവിധ യൂണിറ്റുക ളിൽ നിന്നായി 45 ഓളം പേർ രക്തദാനത്തിന് സന്നദ്ധരായി വന്നു. പ്രസിഡന്റ് കുമാരി അമിത പുത്തൻപുരക്കൽ, ഡയറക്ടർ ഫാ. നിശിൻ തേൻപള്ളിയിൽ, വൈസ് പ്രസിഡന്റ് ശ്രീ. നിഖിൽ അന്തികാട്, സെക്ര ട്ടറി കുമാരി അനീറ്റ തെക്കേക്കര, ജോ. സെക്രട്ടറി ശ്രീ. റോബിൻ തേക്കിലകാട്ടിൽ, ട്രഷറർ ശ്രീ. ജോബി ഗണപതിപ്ലാക്കൽ, മീഡിയ കോ ഓർഡിനേറ്റർ അനീറ്റ ഓണാട്ട്, കോ ഓർഡിനേറ്റർ കുമാരി.

സോനാ ചെമ്പകശേരി, കോ ഓർഡിനേറ്റർ ആൽബിൻ ആലകളം, രൂപതാ സെക്രട്ടറി ജസ്റ്റിൻ നീലംപറമ്പിൽ, സംസ്ഥാന സെനറ്റ് അംഗമായ ആശിഷ് കാവുങ്കൽ, എന്നിവർ നേതൃത്വം നൽകി. നാൽപതാം വെള്ളിയാഴ്ച രാവിലെ വിശുദ്ധ കുർബാനയും തുടർന്ന് 8 മണിയോട് കൂടി മുട്ടിയേൽ ദേവാലയത്തിൽനിന്ന് ആഢ്യം പാറയിലെ ഗ്രോട്ടോയിലേക്ക് നടത്തപ്പെട്ട കുരിശും വഹിച്ചു കൊണ്ടുള്ള കുരിശിന്റെ വഴിയിൽ എല്ലാ കെ.സി.വൈ.എം. അംഗ ങ്ങളുടെയും സാന്നിധ്യം ഉണ്ടായിരുന്നു

**മാനന്തവാടി മേഖല**

കെ.സി.വൈ.എം മാനന്തവാടി മേഖലയും ബോയ്സ് ടൗൺ യൂണിറ്റും ചേർന്ന് കുരിശിന്റെ വഴി നടത്തുകയും യുവജനങ്ങളും മാതാപിതാക്കളും പങ്കാളികളാവുകയും ചെയ്തു. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിളമ്പുകണ്ടം ദേവാലയത്തിൽ നിന്നും കുറുമ്പാലക്കോട്ട സെന്റ് തോമസ് മൗണ്ടിലേക്ക് നടത്തിയ കുരി ശിന്റെ വഴിയിൽ മാനന്തവാടി മേഖലയിൽ നിന്നും യുവജനങ്ങൾ അതിൽ പങ്കാളികളായി. ബിഷപ്പ് ഹൗസിൽ വച്ച് നടന്ന രൂപതയുടെ യൂത്ത് സിനഡ് 2025 ലോഗോ പ്രകാശനത്തിൽ മാനന്തവാടി മേഖല ഭാരവാഹികൾ പങ്കെടുത്തു. ഓശാന, ഈസ്റ്റർ, തൊഴിലാളി കളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനങ്ങളുടെ മംഗളങ്ങൾ ആശംസിച്ചു. ഫ്രാൻസിസ് മാർപാപ്പയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ജമ്മു കാശ്മീരിലെ പഹൽഗാമിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലികൾ. മാന ന്തവാടി മേഖലയിലെ ഡയറക്ടർമാരായ ഫാ. ജോർജ് തേരകം, ഫാ.അനറ്റ് കൊച്ചുമലയിൽ, ഫാ.ജോർജ് നെല്ലുവേലിൽ എന്നീ വൈദികർക്ക് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. മെയ് 1ന് തവിഞ്ഞാൽ യൂണിറ്റിൽ വച്ച് കെ.സി.വൈ.എം മാനന്തവാടി മേഖലാ പ്രസിഡന്റ് ആൽബിൻ കുഴിഞ്ഞാലിൽ കരോട്ട് പതാക ഉയർത്തി പ്രവർത്തനമാസ ഉദ്ഘാടനം നിർവഹിച്ചു. കെ.സി. വൈ.എം മാനന്തവാടി മേഖല പ്രസിഡന്റായി സേവനമനുഷ്ഠി ക്കുന്ന ആൽബിൻ കുഴിഞ്ഞാലിൽകരോട്ടിന്, മാനന്തവാടി ടൗൺ ചർച്ച് യൂണിറ്റ് ഡയറക്ടർ ഫാ. ജിമ്മി മൂലയിൽ എന്നിവർക്ക് ജന്മദിനത്തിന്റെ ആശംസകൾ അറിയിച്ചു. കെ.സി.വൈ.എം മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ സെന്റ് മേരീസ് ആർട്സ് & സയൻസ് കോളേജ് ഗ്രൗണ്ടിൽ സ്പോർട്സ് മീറ്റ് നടത്തി. എല്ലാ മത്സരങ്ങളിലും വിവിധ യൂണിറ്റുകളിൽ നിന്നായി യുവജനങ്ങൾ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു.

**യൂണിറ്റ് വാർത്തകൾ**
**ടൗൺ ചർച്ച് യൂണിറ്റ്**

ക്രിസ്തുനാഥന്റെ ത്യാഗപൂർണ്ണമായ പീഢാനുഭവയാത്ര അനുസ്മരിച്ചുകൊണ്ട് KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടന്ന ത്യാഗം കുരിശിന്റെ വഴിയിൽ യൂണിറ്റിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു. മെയ് മാസത്തിൽ നടത്താനിരിക്കുന്ന യൂത്ത് സിനഡ് 2025 ലോഗോ പ്രകാശനത്തിന് യൂണിറ്റിൽ നിന്ന് ഭാരവാഹികൾ പങ്കെടുത്തു. ഗാഗുൽത്താ 2025 നാല്പതാം വെള്ളി കാൽനട തീർത്ഥാടനത്തിലും ദണ്ഡവിമോചന ശുശ്രൂഷയിലും യുവജനങ്ങൾ പങ്കെടുത്തു. ഓശാന തിരുനാൾ മുതൽ ഈസ്റ്റർ വരെയുള്ള ദേവാലയ ശുശ്രൂഷയിലും വചന വായനകൾക്കും യുവജനങ്ങൾ നേതൃത്വം നൽകി. വികാരി അച്ചന് യുവജനങ്ങളുടെ നേതൃത്വത്തിൽ പൗരോഹിത്യ സ്ഥാപന ദിനത്തിന്റെ ആശംസകൾ അറിയിച്ചു. പെസഹാവ്യാഴാഴ്ച്ച ഒരു മണിക്കൂർ യുവജനങ്ങൾ എല്ലാം ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു. ഈശോയുടെ ഉയർപ്പിന്റെ കല്ലറ ഒരുക്കാനും ഈസ്റ്റർ മുട്ടകളിൽ വചന സന്ദേശങ്ങൾ എഴുതി ഉയിർപ്പിന്റെ സന്ദേശം കൈമാറി.

**കൊട്ടിയൂർ യൂണിറ്റ്**

നാല്പതാം വെള്ളിയോട് അനുബന്ധിച്ച് കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ കൊട്ടിയൂരിൽ നിന്ന് ചുങ്കക്കുന്നിലേക്ക് കുരിശിന്റെ വഴി നടത്തി. ഡയറക്ടർ ബോബി പാലക്കുഴ, ആനിമേറ്റർ ഡോണ എസ്. എച്ച്., യൂണിറ്റ് പ്രസിഡന്റ് ആഷിൽ, സെക്രട്ടറി അതുല്യ പനച്ചിക്കൽ എന്നിവർ നേതൃത്വം നൽകി. പൗരോഹിത്യ സ്ഥാപക ദിനത്തിനോടനുബന്ധിച്ച് പെസഹാ വ്യാഴാഴ്ച യുവജനങ്ങൾ ഒന്നുചേർന്ന് ഇടവക വികാരി സജി പുഞ്ചയിൽ അച്ചനും കെ.സി.വൈ.എം ഡയറക്ടർ ബോബി പാലക്കുഴ അച്ചനെയും ഇടവകയിലെ മറ്റ് വൈദികരെയും ആശംസകൾ അറിയിച്ചു. ശനിയാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം യുവജനങ്ങൾ എല്ലാവരും ഒന്നുചേർന്ന് പള്ളിയും പരിസരവും വൃത്തിയാക്കുന്നതിൽ പങ്കാളികളായി. ഈസ്റ്റർ ദിനത്തിനോടനുബന്ധിച്ച് കെ.സി.വൈ.എം യുവജനങ്ങൾ ഒത്തുചേരുകയും കല്ലറ നിർമ്മിക്കുകയും ചെയ്തു. കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റിലെ അംഗങ്ങൾ ഗൂഡല്ലൂർ, ഊട്ടി വിനോദയാത്ര സംഘടിപ്പിച്ചു. മരണമടഞ്ഞ ഫ്രാൻസിസ് മാർപാപ്പയെ അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. കൊട്ടിയൂർ

യൂണിറ്റിലെ യുവജനങ്ങൾ മലയാറ്റൂർ, ഭരണങ്ങാനം എന്നീ തീർത്ഥാടന സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. ഏപ്രിൽ 13 -ാം തീയതി ഞായറാഴ്ച യുവജനങ്ങൾക്കുവേണ്ടി സെമിനാർ സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയെ ആഴത്തിൽ പഠിക്കുന്നതിനായി കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റ് 14 ദിവസം നീണ്ടുനിന്ന വിശുദ്ധ കുർബാന പഠനകളരി B2B (bread to body) എന്ന പേരിൽ വീഡിയോകൾ സമൂഹമാധ്യമത്തിൽ പങ്കുവയ്ക്കുകയും ചെയ്തു. അയനം എന്ന പേരിൽ നോമ്പുകാല ചിന്തകൾ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. യൂണിറ്റിൽ അംഗത്വ നവീകരണത്തിനും സ്വീകരണത്തിനും തുടക്കം കുറിച്ചു.

**കയ്യൂന്നി യൂണിറ്റ്**

ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി സ്റ്റാറ്റസ് ചലഞ്ച് നടത്തി. ലഹരിക്കെതിരെയുള്ള പോസ്റ്ററുകൾ നിർമ്മിച്ച് ഒരാഴ്ച സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ സ്റ്റാറ്റസ് ഇട്ട് ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം നടത്തി. നാല്പതാം വെള്ളിയാഴ്ച നടത്തിയ കുരിശിന്റെ വഴിയിൽ യുവജനങ്ങൾ പങ്കെടുത്തു. ഇടവകാതലത്തിൽ ലഹരിക്കെതിരെ സാഹിത്യരചന മത്സരങ്ങൾ നടത്തി. ലഹരിവിരുദ്ധ മരം നിർമിച്ചു. ലഹരിവിരുദ്ധ പോസ്റ്റർ ചലഞ്ച് മത്സരം വേദപാഠ കുട്ടികൾക്കായി നടത്തി. വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളിൽ ഇടവകയിലെ യുവതീയുവാക്കൾ തീക്ഷ്ണതയോടെ പങ്കുചേർന്നു. അംഗത്വ സ്വീകരണം, നവീകരണം ഇവ പൂർത്തിയാക്കി. പുതുഞായറാഴ്ച സംഘടിപ്പിക്കപ്പെട്ട പോത്തുകൊല്ലി കുരിശുമല കയറ്റത്തിൽ ഭാരവാഹികളും അംഗങ്ങളും പങ്കുചേർന്നു.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സ്

ഏപ്രിൽ മാസത്തിൽ 25 മുതൽ 27 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 81 പേരും, മെയ് 11 മുതൽ 13 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 64 പേരും പങ്കെടുത്തു. ജൂൺ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 13,14,15 തീയതികളിലും, ജൂലൈ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 11,12,13 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

### മാതൃവേദി

ബാംഗ്ലൂർ NBCLC യിൽ വച്ച് നടന്ന Laity ലീഡർഷിപ്പ് സെമിനാറിൽ മാതൃവേദിയുടെ രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട്, വൈസ് പ്രസിഡണ്ട് ശ്രീമതി ഷേർളി വലിയവീട്ടിൽ എന്നിവർ പങ്കെടുത്തു. മാതൃവേദിയുടെ സഹമധ്യസ്ഥയായ വിശുദ്ധ ജാന്ന ബറേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ മാതൃവേദി അംഗങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുകയും മാധ്യസ്ഥം യാചിക്കുകയും ചെയ്തു. ശ്രീമതി വിൻസി കൊല്ലം കണ്ടത്തിൽ വിശുദ്ധയുടെ ജീവചരിത്രം വീഡിയോ തയ്യാറാക്കി നൽകി. സമ്പൂർണ്ണ ബൈബിൾ പാരായണത്തിനുള്ള ഭാഗങ്ങളും നിയോഗ പ്രാർത്ഥനകളും എല്ലാ ദിവസവും കൃത്യമായി തയ്യാറാക്കി എല്ലാ യൂണിറ്റുകൾക്കും ലഭ്യമാക്കുന്നു. ഏപ്രിൽ 9 ന് ചേർന്ന രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ വൈസ് പ്രസിഡണ്ട് ശ്രീമതി ഷേർളി വലിയവീട്ടിൽ അധ്യക്ഷത വഹിച്ചു. മാതൃവേദിയുടെ ഡയറക്ടർ റവ. ഫാദർ ബിനു വടക്കേൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

### മരിയൻ സിംഗിൾസ്

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 17.

**മേഖലാ വാർത്തകൾ**

**നടവയൽ**

വലിയനോമ്പിനോടനുബന്ധിച്ച് കുറുമ്പാലക്കോട്ട യൂണിറ്റിൽ വച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിയിൽ മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. യൂണിറ്റുകൾ കേന്ദ്രീകരിച്ച് വൃദ്ധസദനങ്ങൾ സന്ദർശിക്കുകയും അവരോട് കൂടെ മേഖലയുടെ സാന്നിധ്യം ഉണ്ടാവുകയും ചെയ്തു. സഹമധ്യസ്ഥയുടെ തിരുനാൾ ദിനത്തിൽ നടവയൽ യൂണിറ്റിൽ നിന്ന് സന്ദേശം ലഭിക്കുകയും അത് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു. മേഖലാ ആനിമേറ്ററിന് യാത്രയയപ്പ് നൽകി.

**കൽപ്പറ്റ**

വൈത്തിരി, ചാരിറ്റി, ഒലിവുമല, ലക്കിടി യൂണിറ്റുകൾ സംയുക്തമായി ചുണ്ടേൽ പള്ളിയിലേക്ക് ദണ്ഡവിമോചന യാത്ര നടത്തി. മലയാറ്റൂർ തീർത്ഥാടനം നടത്തി. ചുരത്തിൽ കുരിശിന്റ വഴിയിൽ പങ്കെടുത്തു.

**നിലമ്പൂർ**

നിലമ്പൂർ മേഖലയുടെ എല്ലാ യൂണിറ്റുകളിൽ നിന്നും വയനാട്, വേളാങ്കണ്ണി, മലയാറ്റൂർ തീർത്ഥാടനം നടത്തി. മേഖലാ മാതൃവേദിയും വിവിധ ഭക്തസംഘടനകളും ചേർന്ന് മുട്ടിയേൽ ആഢ്യംപാറയിലേക്ക് കുരിശിന്റെ വഴി നടത്തി. അഗതിമന്ദിരം സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**ശാഖാ വാർത്തകൾ**

**പാതിരിപ്പാടം**

ശാഖാ ആനിമേറ്റർക്ക് യാത്രയയപ്പ് നൽകി. രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ കൗൺസിൽ ശാഖയിൽ നിന്നും 2 പേർ പങ്കെടുത്തു. ഫ്രാൻസീസ് മാർപ്പാപ്പയ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

**കബനിഗിരി**

കുരിശിന്റെ വഴിയിൽ പങ്കെടുത്തു. മേഖലാ നിർദ്ദേശ പ്രകാരം ഈസ്റ്റർ കിറ്റ് വിതരണത്തിനായി കബനിഗിരി യൂണിറ്റ് 500/- രൂപ നൽകി. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴി ലൈവ് ചിത്രീകരണത്തിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു. പ്രധാനപ്പെട്ട

പള്ളികളിൽ 2 ദിവസത്തെ തീർത്ഥാടനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 'പുത്തൻപാന' വായന മത്സരത്തിന്റെ ഭാഗമായി മൂന്ന് മിനിറ്റ് വീഡിയോ മേഖലയ്ക്ക് അയച്ചു കൊടുത്തു.

**പൂളപ്പാടം**

രൂപതയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ബത്തേരി അസംപ്ഷൻ, നടവയൽ, പള്ളിക്കുന്ന്, ചുണ്ടേൽ എന്നീ ദേവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തി. കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങളെ പ്രതിനിധീകരിച്ച് മണിമൂളി, നിലമ്പൂർ മേഖലകളിലെയും ബത്തേരി രൂപതയിലെയും ദേവാലയങ്ങളിലൂടെ അമ്മമാർ കുരിശിന്റെ വഴി നടത്തി.

**സീതാമൗണ്ട്**

അനാഥമന്ദിര സന്ദർശനം, രോഗീസന്ദർശനം, മരണപ്പെട്ട വ്യക്തിയുടെ ഭവനം, സമരിറ്റൻഭവൻ എന്നിവ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കണിയാരം പള്ളിയിലേക്ക് തീർത്ഥയാത്ര നടത്തി. ഈസ്റ്റർ കിറ്റ് വിതരണം നടത്തി. വൃദ്ധരായവരെ സന്ദർശിച്ചു. ചികിത്സയ്ക്കായി സാമ്പത്തിക സഹായം നൽകി.

**ചോക്കാട്**

തുവ്വൂർ ആകാശപറവ അഗതിമന്ദിരം സന്ദർശിച്ചു. ധനസഹായം നൽകി. രോഗീസന്ദർശനം, നവോമി സന്ദർശനം, സെമിത്തേരി സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ തലത്തിൽ പാന വായന മത്സരത്തിൽ പങ്കെടുത്തു.

**പുൽപ്പള്ളി**

മുള്ളൻകൊല്ലി മേഖല നടത്തിയ ഗർഭിണികൾക്കുള്ള സെമിനാറിൽ നാലുപേർ പങ്കെടുത്തു. ഈസ്റ്റർ കിറ്റ് നൽകി. മേഖലയിൽ പൊതുവായി നടത്തിയ നാൽപ്പതാം വെള്ളി കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ഒരു സാധു കുടുംബത്തിന് വീട് വയ്ക്കുന്നതിനു മുന്നോടിയായി പഴയ വീട് പൊളിച്ചു മാറ്റാൻ സഹായിച്ചു. മേഖലാ തലത്തിലെ പുത്തൻപാന മത്സരത്തിൽ പങ്കെടുത്തു. നടവയൽ തീർത്ഥാടന കേന്ദ്രം സന്ദർശിച്ചു.

**പുതുശ്ശേരിക്കടവ്**

സമർപ്പിതരുടെയും ബ്രദേഴ്സിന്റെയും മാതാപിതാക്കളെ ആദരിച്ചു. യൂണിറ്റു തലത്തിൽ പുത്തൻപാന മത്സരം നടത്തി. അറുപ

തോളം അമ്മമാർ പങ്കെടുത്തു വിജയികൾക്ക് സമ്മാനം നൽകി. നടവയൽ ഹോളിക്രോസ് ദേവാലയത്തിൽ തീർത്ഥാടനം നടത്തി കുരിശിന്റെ വഴി നടത്തി. രോഗീ സന്ദർശനം നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വിവിധ നിയോഗങ്ങൾക്കു വേണ്ടി അമ്മമാർ കുരിശിന്റെ വഴി നടത്തി. ഇടവകയിലെ ആദ്യ കുർബാന കുഞ്ഞുങ്ങളെ നമസ്ക്കാരം പഠിപ്പിക്കുന്നതിന് അമ്മമാർ സഹായിച്ചു. യൂണിറ്റിന്റെ ആനിമേറ്റർ സിസ്റ്ററിന് യാത്ര യയപ്പ് നൽകി.

**ദീപ്തിഗിരി**

കാൽനടയായി കണിയാരം പള്ളിയിലേയ്ക്ക് കുരിശിന്റെ വഴി ചൊല്ലി ദണ്ഡവിമോചനം നേടി. പള്ളി പണിയോടനുബന്ധിച്ച് വൃത്തിയാക്കാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ശിശുമല**

ഗർഭിണികൾക്കായി നടത്തിയ ഓൺലൈൻ ക്ലാസ്സിൽ 10 പേർ പങ്കെടുത്തു. നാലും അതിൽ കൂടുതലും മക്കളുള്ള ദമ്പതികളെ ആദരിച്ചു. വെള്ളിയാഴ്ചകളിൽ കുരിശുമല കയറ്റം നടത്തി. ഇഞ്ചിനട്ടു. ഈസ്റ്റർകിറ്റ് നൽകി. പുതുഞ്ഞായർ തിരുനാളിൽ കുരിശുമലയിൽ ഫണ്ട് ശേഖരണാർത്ഥം മെഴുകുതിരിയും പലഹാരങ്ങളും വിൽപ്പന നടത്തി. പുത്തൻപാന വായന മത്സര ത്തിൽ പങ്കെടുത്തു.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് കൂടി. സിഗ്‌വിയുടെ ഉദ്ഘാടനം നടത്തി. ഓർഡർ അനുസരിച്ച് ഉത്പന്നങ്ങൾ ഇറക്കികൊടുക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. 40-ാം വെള്ളിയാഴ്ച കുരിശുമല കയറ്റം നടത്തി. വി. ജാന്നബരേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ 4 മക്കളുള്ള കുടുംബത്തെ ആദരിച്ചു. സാമ്പത്തിക സഹായം നൽകി. വിശുദ്ധരെ പരിചയപ്പെടുത്തി. രോഗീ സന്ദർശനം നടത്തി.

**പാലാങ്കര**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ദുഃഖ വെള്ളിയാഴ്ച കുരിശിന്റെ വഴിയിലും നേർച്ചകഞ്ഞി വിതരണത്തിലും പാത്രങ്ങൾ കഴുകു വാനും അമ്മമാർ സജീവമായി പങ്കെടുത്തു. മാതൃവേദിയുടെ

സഹമധ്യസ്ഥയുടെ തിരുനാൾ ദിനത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും മാധ്യസ്ഥം യാചിക്കുകയും ചെയ്തു. ഞായറാഴ്ചകളിൽ മാതൃവേദി പ്രാർത്ഥന ചൊല്ലി.

**പനവല്ലി**

കണിയാരം കത്തീഡ്രലിലേക്കുള്ള തീർത്ഥാടനത്തിൽ പങ്കെടുത്തു. കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**റൂബി നഗർ**

പുത്തൻപാന മത്സരത്തിൽ പങ്കെടുത്തു. പള്ളിയലങ്കാരത്തിന് പൂക്കൾ സ്പോൺസർ ചെയ്തു. രോഗീ സന്ദർശനം, വേളാങ്കണ്ണി തീർത്ഥാടനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നാല്പതാം വെള്ളിയാഴ്ച്ച കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു. ഒരു നിർദ്ധന കുടുംബത്തിന് ഈസ്റ്റർ കിറ്റ് നൽകി. ഫണ്ട് ശേഖരണാർത്ഥം ചായ പൊടി ഇറക്കി. നാളുകളായി കിടപ്പിലായിരുന്ന ഭർത്താവിനെ ശുശ്രൂഷിച്ച ഭാര്യയെ ആദരിച്ചു. മേഖലയിൽ നടത്തിയ പാന വായന മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ബൈബിൾ സ്കിറ്റ് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ലഹരിവിരുദ്ധ റാലിയിൽ പങ്കെടുത്തു.

**കേളകം**

രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറുകൾ നൽകുന്നു. അമ്മമാരുടെ ഉപവാസത്തിലൂടെ കിട്ടുന്ന തുക പാവപ്പെട്ടവരെ സഹായിക്കുന്നു. ഇടവകയിലെ ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തിനായി 5000/- രൂപ നൽകി. മരിയ ഭവനിലെ അഗതി മന്ദിരത്തിലേക്ക് 10000/- രൂപയുടെ സാധനങ്ങൾ നൽകി. കണ്ടപ്പനത്തിലെ അഗതി മന്ദിരത്തിലേക്ക് 3000/- രൂപയുടെ സാധനങ്ങൾ നൽകി.

**മണിമൂളി**

രൂപത തീർത്ഥാടന കേന്ദ്രമായ നടവയൽ ദേവാലയം സന്ദർശിച്ചു ഇടവക ദേവാലയവും പരിസരവും വൃത്തിയാക്കി. സിഗ്വിയുടെ വില്പനകേന്ദ്രം മാതൃവേദിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. നാടുകാണി ചുരത്തിലൂടെ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ഈസ്റ്റർ മുട്ട മാതൃവേദി സ്പോൺസർ ചെയ്തു വിത

രണം നടത്തി. മേഖലാ കൗൺസിലിൽ പങ്കെടുത്തു. ചികിത്സ സഹായം നൽകി.

**കുറുമ്പാല**

നാൽപ്പതാം വെള്ളിയാഴ്ച സകല മരിച്ച വിശ്വാസികളെയും പൂർവികരെയും അനുസ്മരിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവക സെമിത്തേരിയിൽ കുരിശിന്റെ വഴി നടത്തി. മേഖലയോട് ചേർന്ന് ബൈബിൾ പാരായണം നടത്തി. ആനിമേറ്ററിന് യാത്രയയപ്പ് നൽകി.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. നാല്പതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി. ദേവാലയ ശുചീകരണം നടത്തി. വി. ജാന്ന ബെറേറ്റ മോള്ള, വി. കത്രീന എന്നിവരുടെ തിരുനാൾ ആചരിച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ലോകാരോഗ്യ ദിനത്തിൽ ചക്ക വിഭവങ്ങളുടെ പരിശീലന ക്ലാസ് നടത്തി. ഈസ്റ്ററിന് ഇടവകയിൽ നിർധനരായ പത്തു കുടുംബങ്ങൾക്ക് 7500/- രൂപയുടെ കിറ്റും 5000/- രൂപയും നൽകി സഹായിച്ചു. രോഗീ സഹായമായി 8000/- രൂപ നൽകി. ആദ്യകുർബാന സഹായമായി 1000/- രൂപ നൽകി. ഒരു കുടുംബത്തിലെ മൂന്നു കുട്ടികൾക്ക് ബാഗുകളും പഠനോപകരണങ്ങളും നൽകി.

**കാരയ്ക്കാമല**

എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. നാല്പതാം വെള്ളി ആചരണത്തിന്റെ ഭാഗമായി കണിയാരം ദേവാലയത്തിലേക്ക് നടത്തിയ തീർത്ഥാടന പദയാത്രയിലും ദണ്ഡവിമോചന ശുശ്രൂഷയിലും അമ്മമാർ പങ്കെടുത്തു. വിശുദ്ധ ജാന്ന ബറേറ്റ മോള്ളയുടെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി ജീവന്റെ മൂല്യം എന്ന വിഷയത്തിൽ യൂണിറ്റിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചു.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. നോമ്പിലെ വെള്ളി ആഴ്ചകളിൽ കുരിശിന്റെ വഴിക്കു നേതൃത്വം നൽകി. ദൈവവിളി പ്രോത്സാഹനത്തിന് കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കണിയാരത്തു വെച്ചു നടത്തിയ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു.

ദുഃഖവെള്ളിയാഴ്ച പുത്തൻപാന പാരായണം നടത്തി. കാട്ടിമൂല സ്നേഹാലയത്തിൽ ഒരു നേരത്തെ ഭക്ഷണം നൽകി.

**അപ്പപ്പാറ**

പുത്തൻപാന മത്സരം പ്രായമനുസരിച്ച് വിവിധ ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തി. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകി.

**തലഞ്ഞി**

വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മലയാറ്റൂർ തീർത്ഥയാത്ര, കുരിശിന്റെ വഴി തീർത്ഥയാത്ര തുടങ്ങിയവയിൽ പങ്കെടുത്തു. വിശുദ്ധ ജ്ഞാനബരേറ്റ മോള്ളയെകുറിച്ചുള്ള ലഘു പ്രഭാഷണ വീഡിയോ തയ്യാറാക്കി. മരണവീടുകൾ സന്ദർശിച്ചു.

**പറളിക്കുന്ന്**

മേഖലാതല കുരിശിന്റെ വഴിയിൽ പങ്കെടുത്തു. നോമ്പ് ചിന്തകൾ 50 ദിവസം വീഡിയോസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. ആനിമേറ്റർ സിസ്റ്റർ ജെസ്നക്ക് യാത്രയയപ്പ് നൽകി. പനമരം നവജ്യോതി അഗതിമന്ദിരം സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങൾ നൽകി.

**പോരൂർ**

രോഗീ സന്ദർശനം നടത്തി. നാല്പതാം വെള്ളിയാഴ്ചയുടെ ഭാഗമായി മരിയൻനഗർ ഗ്രോട്ടോയിൽ നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. മലയാറ്റൂർ തീർത്ഥാടനം നടത്തി. കണിയാരം പള്ളിയിൽ വച്ച് നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്ത് ദണ്ഡവിമോചനം നേടി. എക്സിക്യൂട്ടീവ് കൂടി.

**പന്തിപ്പൊയിൽ**

ലോക ഓട്ടിസദിനത്തിന്റെ ഭാഗമായി ഇടവകയിലെ ഒരു വിധവയുടെ, ശാരീരിക മാനസിക വൈകല്യമുള്ള ഒരു കുട്ടിയെ സന്ദർശിച്ചു. സഹായമായി 500/- രൂപ വീതം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴി സമാപിച്ചപ്പോൾ, അമ്മമാരുടെ നേതൃത്വത്തിൽ കഞ്ഞിയും അച്ചാറും തോരനും തയ്യാറാക്കി നൽകി. എക്സിക്യൂട്ടിവ് യോഗം ചേർന്നു. ഇടവകയിലെ ഒരു കുടുംബത്തിലെ രോഗിയായ അമ്മക്ക് 1000/- രൂപ സഹായമായി നൽകി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് യോഗം കൂടി. നാടുകാണി ചുരത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**വാളേരി**

എക്സിക്യൂട്ടിവ് യോഗം നടത്തി. ഒസാനാംഭവൻ സന്ദർശനം നടത്തി. ഒരു നേരത്തേ ഭക്ഷണത്തിനുള്ള സാമ്പത്തിക സഹായം നൽകി. ചെയിൻ റോസറി, വചന കവചം, സന്താ മോനിക്കാ എന്നിവ നടത്തി. ആശുപത്രിയിൽ ഭക്ഷണമുണ്ടാക്കുവാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി.

**ആടിക്കൊല്ലി**

ഗർഭിണികൾക്കായ് മേഖല നടത്തിയ ഓൺലൈൻ മെഡിക്കൽ ക്ലാസിൽ യൂണിറ്റിലെ 5 യുവതികൾ പങ്കെടുത്തു. 'ബൈബിളിലെ കുടുംബം' എന്ന വിഷയത്തിൽ ദൃശ്യാവിഷ്ക്കരണ മത്സരം നടത്തി. ബാംഗ്ലൂർ വച്ച് ഏപ്രിൽ 22 മുതൽ 29 വരെ നടത്തിയ മലയാളം ലെയ്റ്റി ലീഡർഷിപ്പ് സെമിനാറിൽ പ്രസിഡണ്ട് മേഴ്സി അമരികാട്ട് പങ്കെടുത്തു. മേഖലയുടെ സഹായത്തോടെ 3 നിർധന കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നല്കി. പാവപ്പെട്ട 3 കുടുംബങ്ങൾക്ക് സാധുജന സഹായമായി 1000/- രൂപ വീതം നൽകി. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു.

**തരിയോട്**

ഓട്ടിസം ബാധിച്ച കുഞ്ഞിനെ സന്ദർശിച്ച് പാഡ്, ഭക്ഷണ കിറ്റ് എന്നിവ നൽകി. നോമ്പ്, ഉപവാസം ഇതിൽ നിന്ന് അമ്മമാർ മാറ്റി വച്ച തുകകൊണ്ട് എട്ടോളം പാവപ്പെട്ട വീടുകളിൽ കിറ്റ്, കിടപ്പ് രോഗികൾക്ക് പാഡ്, പാലിയേറ്റിവ് ഉപകരണങ്ങൾ എന്നിവ നൽകി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സൺഡേ സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് 2 ജനൽ പാളിയുടെ പൈസ പള്ളിക്ക് കൊടുത്തു. കാട്ടിമൂലയിലെ സ്നേഹാലയം സന്ദർശിച്ച് 7500/- രൂപയുടെ പലഹാരങ്ങൾ കൊടുത്തു. വി.ജാന്ന ബൊറേറ്റ മോള്ളയുടെ തിരുനാളിനോടനുബന്ധിച്ച് 4 മക്കളുള്ള കുടുംബത്തെ ആദരിച്ച് സമ്മാനങ്ങൾ നൽകി. സാന്താ മോനിക്ക പ്രാത്ഥന, വചന കവചം എന്നിവ ചൊല്ലുന്നു.

**കുറുമണി**

നാല്പതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി. മേഖലാ കെ.സി.വൈ.എം കുരിശിന്റെ വഴിക്ക് 10 അമ്മമാർ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച കുറുമ്പാലക്കോട്ട മലകയറി ഇറങ്ങിയവർക്ക് ഭക്ഷണമൊരുക്കി.

**ദ്വാരക**

നാൽപ്പതാം വെള്ളിയാഴ്ച കണിയാരം കത്തീഡ്രൽ ദേവാലയത്തിലേക്ക് നടത്തിയ തീർത്ഥാടന പദയാത്രയിലും കുരിശിന്റെ വഴിയിലും അമ്മമാർ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ചത്തേക്ക് ആവശ്യമായ കൈപ്പുനീർ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് തയ്യാറാക്കി.

**നടവയൽ**

ദുഃഖവെള്ളിയാഴ്ച തെരേസ മൗണ്ട് കുരിശുപള്ളിയിലേക്കുള്ള കുരിശിന്റെ വഴിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും നേർച്ച ഭക്ഷണത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. വിശുദ്ധ ജാന്ന ബെരേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ ജീവചരിത്രം എല്ലാം അമ്മമാർക്കും പ്രചോദനമാകും വിധം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. വിശുദ്ധരെ പരിചയപ്പെടുത്തൽ നടത്തി. കുടുംബവുമായി ബന്ധപ്പെട്ട ബൈബിൾ ദൃശ്യാവതരണത്തിനുള്ള പരിശീലനം നടത്തി. പുത്തൻപാന പാരായണം നടത്തി.

**തേൾപ്പാറ**

വേളാങ്കണ്ണി തീർത്ഥയാത്രയിൽ അമ്മമാർ പങ്കെടുത്തു. ലഹരിക്കെതിരെ ഇടവകയിലെ മുഴുവൻ കുടുംബങ്ങളും ലഹരി വിരുദ്ധ പ്ലക്കാർഡ് പിടിച്ച് പ്രതിഷേധിച്ചു. ഡിപ്പോയിലുള്ള സ്നേഹസദൻ സന്ദർശിച്ചു. ബിരിയാണി ചലഞ്ചിലൂടെ സമാഹരിച്ച ധനം ഉപയോഗിച്ച് അവർക്ക് സാമ്പത്തിക സഹായം നൽകി. വി. ജാന്ന ബരേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ വീഡിയോ പ്രസന്റേഷൻ നടത്തി. മേഖല നടത്തിയ കുരിശിന്റെ വഴിയിലും അമ്മമാർ പങ്കെടുത്തു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. കണിയാരം കത്തീഡ്രൽ പള്ളിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിലും ദണ്ഡവിമോചന പ്രാർത്ഥനയിലും അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**കൊട്ടിയൂർ**

മാതൃവേദി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തുന്നതിനായി വിവിധ തരം ലോഷൻസ് തയ്യാറാക്കി വിൽപ്പന ആരംഭിച്ചു. മാതൃവേദി പ്രവർത്തനം സമൂഹനന്മയ്ക്ക് എന്ന ആശയത്തിൽ ഊന്നി മെയിൻ റോഡിന് ഇരുവശവും ഉള്ള പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് സംസ്കരിച്ചു. രോഗീ സന്ദർശനം വാർഡ്തല ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി.

**പ്രശാന്തിഗിരി**

കണിയാരം കത്തീഡ്രൽ പള്ളിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിലും ദണ്ഡവിമോചന പ്രാർത്ഥനയിലും പങ്കെടുത്തു. മേഖല എക്സിക്യൂട്ടിവ് മീറ്റിംഗിൽ പങ്കെടുത്തു. ഭവന സന്ദർശനവും രോഗീസന്ദർശനവും നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മലയാറ്റൂർ, വേളാങ്കണ്ണി തീർത്ഥയാത്ര നടത്തി.

**കരിമാനി**

പെസഹാപാൽ അമ്മമാർ തയ്യാറാക്കി. ദുഃഖവെള്ളിയാഴ്ചത്തെ നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിൽ സഹകരിച്ചു. പോരൂരിലെ അഗതിമന്ദിരമായ സ്നേഹാലയം സന്ദർശിക്കുകയും നാലു മണി ചായയുടെ പലഹാരം നൽകി. 2500/- രൂപ സാമ്പത്തിക സഹായം നൽകി. 50 സാരി കളക്ട് ചെയ്ത് മദർ തെരേസ ട്രസ്റ്റിന് നൽകി. ഭവന സന്ദർശനവും, രോഗീ സന്ദർശനവും നടത്തി.

**പനംഞ്ചിറ**

അനാഥ ബാല്യങ്ങൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ഇടവക നിർമ്മിച്ചു നൽകിയ വീടിന്റെ വെഞ്ചരിപ്പു കർമ്മങ്ങളിലും സ്നേഹവിരുന്നിലും സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് യാത്രാമംഗളങ്ങളും പ്രാർത്ഥനാശംസകളും അറിയിച്ചു.

**വടപുറം**

മലയാറ്റൂർ തീർത്ഥാടനം നടത്തി. മേഖലാ പുത്തൻപാന പാരായണ മത്സരത്തിൽ പങ്കെടുത്തു. വൃദ്ധമാതാപിതാക്കളെയും, രോഗികളെയും സന്ദർശിച്ച് അവർക്ക് ചെറിയ സംഭാവനകൾ നൽകി. ഹോസ്പിറ്റലിൽ രോഗികളെ കൊണ്ടുപോയി. ദുഃഖവെള്ളിയാഴ്ചയ്ക്കുള്ള അച്ചാർ ഉണ്ടാക്കി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മെയ് 02 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രുഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

മെയ് 03ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധന നയിച്ചു. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC, എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിംഗ്**

മെയ് 10 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിംഗ് ശുശ്രൂഷ നടന്നു.

**അഖണ്ഡ ജപമാല**

മെയ് 30 വെള്ളി രാവിലെ 08.30 മുതൽ രാത്രി 08.30 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു.

സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

അന്വേഷണങ്ങൾക്ക് - 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ 9544606936

### ചൂരൽമല ദുരന്തബാധിതർക്കായുള്ള മാനന്തവാടി രൂപതയുടെ ഭവനപദ്ധതി ഉദ്ഘാടനം ചെയ്തു

ചൂരൽമല പുനരധിവാസ പദ്ധതിയുടെ ഭാഗമായി മാനന്തവാടി രൂപത നിർമ്മിക്കുന്ന ഭവനങ്ങളുടെ ശിലാസ്ഥാപനകർമ്മം 2025 ഏപ്രിൽ 21 ന് വാഴവറ്റയിൽ നടന്നു. മാനന്തവാടി രൂപത, WSSS വഴി കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റയും മറ്റ് വികസന ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ യാണ് ചൂരൽമല ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ട 50 പേർക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നത്. ശിലാസ്ഥാപന കർമ്മം വളരെ വിപുലമായ രീതിയിൽ ആണ് ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ അതേ ദിവസം തന്നെ ഫ്രാൻസീസ് മാർപ്പാപ്പയുടെ ആജീവനാന്ത ഐക്യദാർഢ്യവും ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ അഗാധമായ സ്നേഹവും കണക്കിലെടുത്ത് അദ്ദേഹത്തിന്റെ പൈതൃകത്തിനുള്ള ആദരാഞ്ജലിയായി പരിപാടിയുമായി മുന്നോട്ട് പോകുവാൻ രൂപത തീരുമാനിച്ചു. ശിലാസ്ഥാപന കർമ്മം പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥനയോടെ ആരംഭിച്ചു. മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പ്രാർത്ഥനക്ക് നേതൃത്വം നൽകി. രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായ ചൂരൽമല-മുണ്ടക്കൈ ഉരുൾ പൊട്ടലിൽ വീടും സ്ഥലവും നഷ്ടമായവർക്കായി മാനന്തവാടി രൂപത നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ ശിലാസ്ഥാപനം രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു.

മുട്ടിൽ പഞ്ചായത്തിലെ വാഴവറ്റക്കും മുട്ടിൽ മേപ്പാടി റോഡിൽ കെ.കെ. ജംഗ്ഷനുമിടയിലുള്ള പാലക്കാട്ട് കുന്നിലാണ് ഇതിനാ യുള്ള സ്ഥലം കണ്ടെത്തി പ്രവർത്തികൾ ആരംഭിച്ചിരിക്കുന്നത്. ഉരുൾപൊട്ടൽ മൂലം നഷ്ടം നേരിട്ട സെന്റ് സെബാസ്റ്റ്യൻസ് ഇടവക യിലെ മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നഷ്ടമായിട്ടും സർക്കാർ മാനദണ്ഡങ്ങളിൽ പെടാതെ പോയിട്ടുള്ള ദുരിത

ബാധിതർക്കായി 50 വീടുകളാണ്  രൂപത നിർമ്മിക്കുന്നത്. ഇതിൽ അഞ്ച് വീടുകളുടെ നിർമ്മാണം തോമാട്ടുചാൽ, പുതിയിടംകുന്ന് എന്നിവിടങ്ങളിലായി നടന്നു വരുന്നു. ബാക്കി വീടുകളുടെ നിർമ്മാണോദ്ഘാടനമാണ് വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നത്.

ദുരന്തദിനം മുതൽ ഇന്നുവരെ ദുരന്തബാധിതർക്ക് സഹായവുമായി മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ പ്രസ്ഥാനങ്ങളും ചേർന്ന് പ്രവർത്തിച്ചിരുന്നു. റെസ്ക്യൂ പ്രവർത്തങ്ങളിൽ സജീവമായും, ക്യാമ്പുകളിൽ ഭക്ഷണം എത്തിച്ചും ആശുപത്രികളിൽ ചികിത്സയിൽ  കഴിഞ്ഞവരെ പരിചരിച്ചും കുട്ടികളെ പരിപാലിച്ചും രൂപതയുടെ ഭാഗമായ വിവിധ പ്രസ്ഥാനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ ആണ് കാഴ്ച വെച്ചത്. സഭയുടെ നേതൃത്വത്തിൽ  പ്രവർത്തിക്കുന്ന വിവിധ ആശുപത്രികളിലെ മെഡിക്കൽ ടീമും വിദഗ്ദ്ധരായ കൗൺസിലർമാരും നൽകിയ സേവനം വലുതായിരുന്നു. അത് ഇപ്പോഴും തുടർന്നു വരുന്നു. കൗൺസിലിംഗ്  രംഗത്ത് പ്രാവീണ്യമുള്ള 100 സന്യസ്ഥരടങ്ങുന്ന സാന്ത്വന പരിചരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചു. ഇതിൽനിന്നും 50 പേരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുകയും കൂടുതൽ പരിശീലനം നല്കി ഫോളോഅപ്പ് പ്രവർത്തനങ്ങൾക്ക് നിയോഗിച്ചു. വീടുകളിലും സ്ഥാപനങ്ങളിലുമായി ഇവരുടെ സേവനവും തുടരുന്നു.

രണ്ടാം ഘട്ടത്തിൽ കാരിത്താസ് ഇന്ത്യ, സീഡ്സ് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ മറ്റു രൂപതകളുമായി ചേർന്ന് 958 കുടുംബങ്ങൾക്ക് 9500 രൂപ വീതം അടിയന്തിര ധന സഹായവും 10000 രൂപയുടെ ഗൃഹോപകരണങ്ങളും ലഭ്യമാക്കി. കൂടാതെ കാത്തലിക് റിലീഫ് സർവീസുമായി 307 കുടുംബങ്ങൾക്ക് 57 ലക്ഷം രൂപയുടെ വരുമാന വർദ്ധക പരിപാടികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി  നടപ്പിലാക്കി. രൂപത 50 കുടുംബങ്ങൾക്ക് 50000 രൂപയുടെ  വീതം  ഫർണിച്ചറുകൾ നല്കി. കൂടാതെ  വിദ്യാർത്ഥികൾക്കായി പഠന  സാമഗ്രികൾ ലഭ്യമാക്കുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. തുടർ വിദ്യാഭ്യാസത്തിനായി 30 കുട്ടികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെ

ടുത്തി. കുടുംബാംഗങ്ങൾ നഷ്ടപ്പെടുകയോ വീട് പൂർണ്ണമായി തകരുകയോ ചെയ്ത വീടുകളിലെ ഏതാനും കുട്ടികൾക്ക് 4 ലക്ഷം രൂപ വീതം സ്ഥിര നിക്ഷേപം നൽകാനും സാധിച്ചു. വലിയ നഷ്ടം സംഭവിച്ച ഏതാനും കുടുംബങ്ങളെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി തുടർചികിത്സക്കുള്ള സാഹചര്യം ഉറപ്പാക്കുന്നതിലും ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. മൂന്നാം ഘട്ടമായിട്ടാണ് ഭവന നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. രൂപതയിലെ മുഴുവൻ ഇടവകകൾ, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ, കേരള സോഷ്യൽ സർവീസ് ഫോറം, വിവിധ രൂപതകൾ, വിവിധ സന്യസ്ത സമൂഹങ്ങൾ, വികസന ഏജൻസികൾ, വ്യക്തികൾ എന്നിവയുമായി സഹകരിച്ചാണ് ഭവനങ്ങൾ നിർമിക്കുന്നതിനുള്ള ധന സമാഹരണം നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളുടെ നഷ്ടത്തിന്റെ തോതനുസരിച്ച് പതിനഞ്ച്, പത്ത്, അഞ്ച് സെന്റ് വീതം സ്ഥലവും എഴുന്നൂറ് മുതൽ ആയിരം സ്ക്വയർഫീറ്റ് വരെയുള്ള വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. ക്രൈസ്റ്റ് നഗർ റസിഡൻസ് എന്ന് നാമകരണം ചെയ്തിരിക്കുന്ന പദ്ധതി പ്രദേശത്ത് തൊഴിൽ സംരംഭങ്ങൾ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്.

ക്രൈസ്തവ വിശ്വാസത്തിന്റെ ചരിത്രഗതിയിൽ സഹനങ്ങളും അവയിൽ നിന്നുള്ള ദൈവീകമായ പുനരുജ്ജീവനവുമാണ് കാണാനാകുകയെന്ന് പദ്ധതിശിലകൾ വെഞ്ചിരിച്ച് ഉദ്ഘാടനം ചെയ്തു കൊണ്ട് ബിഷപ് ജോസ് പൊരുന്നേടം ചൂണ്ടിക്കാട്ടി. മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം അധ്യക്ഷനായിരുന്നു. വികാരി ജനറാളും പുനരധിവാസ കമ്മിറ്റി ചെയർമാനുമായ മോൺ. പോൾ മുണ്ടോളിക്കൽ എല്ലാവരേയും സ്വാഗതം ചെയ്ത് പ്രസംഗിച്ചു. എം.എൽ.എ അഡ്വ. ടി.സിദ്ദിഖ് സ്ഥലത്തിന്റെ രേഖകൾ ഉടമസ്ഥർക്ക് കൈമാറി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ.ജിനോജ് പാലത്തടത്തിൽ പ്രൊജക്റ്റ് വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷംഷാദ് മരക്കാർ മുഖ്യപ്രഭാഷണം നടത്തി. കൽപറ്റ ബ്ലോക്ക് പ്രസിഡണ്ട് ചന്ദ്രിക കൃഷ്ണൻ, മുട്ടിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീദേവി ബാബു, മുട്ടിൽ പഞ്ചായത്ത് പ്രതി

പക്ഷ നേതാവ് സന്തോഷ് കുമാർ പി.എം, വാർഡ് മെമ്പർ കെ. സുമ, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ, എറണാകുളം രൂപതാ സോഷ്യൽ സർവീസ് ഡയറക്ടർ ഫാ. ജോസഫ് കോലത്തുവള്ളിൽ, കൽപറ്റ ഫൊറോനാ വികാരി ഫാ.ജോഷി പെരിയപ്പുറം, വാഴവറ്റ ഇടവക വികാരി ഫാ. അനിൽ മൂഞ്ഞനാട്ട്, പുനരധിവാസ കമ്മിറ്റി വൈസ് ചെയർമാൻ സെബാസ്റ്റ്യൻ പാലംപറമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് പുഞ്ചയിൽ എന്നിവർ പ്രസംഗിച്ചു.

**കൂൺ കൃഷി പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കൂൺകൃഷി പരിശീലനത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ ജോസിന്റെ അധ്യക്ഷതയിൽ WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ ശ്രീ. വരുൺ പദ്ധതി വിശദീകരണം നടത്തി. മൺസൂൺ മഷ്റൂം നിർമ്മാതാക്കളായ ശ്രീ. രാഹുൽ, ശ്രീകാന്ത് എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. കസാഫി ഫീൽഡ് കോഡിനേറ്റർ അനഘ ജോസ്, പ്രോഗ്രാം കോഡിനേറ്റർമാരായ ജാൻസി ജിജോ, ചിഞ്ചു മരിയ എന്നിവർ ആശംസകൾ അറിയിച്ചു. സ്വന്തമായി കൂൺ ഉണ്ടാക്കിയെടുക്കുക, വ്യക്തിതലത്തിലും സ്വാശ്രയസംഘ തലത്തിലും കൂൺ ഉത്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സൗകര്യവും സാങ്കേതിക സഹായവും നൽകും. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

റീജണൽ കോഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ബിൻസി വർഗീസ്, ലിജ കുര്യാക്കോസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി പ്രദേശത്ത് നടപ്പിലാക്കി വരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി 50 കുടുംബങ്ങൾക്ക് മുട്ടക്കോഴി വളർത്തലിനും, 15 കുടുംബങ്ങൾക്ക് ചെറുകിട ജലസേചനത്തിനും, 30 കുടുംബങ്ങൾക്ക് നീർക്കുഴി നിർമ്മാണത്തിനും, 22 കുടുംബങ്ങൾക്ക് കല്ല് കയ്യാല നിർമ്മാണത്തിനും, 35 കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കും സാമ്പത്തിക സഹായം നൽകി. കൂടാതെ 04 സ്വാശ്രയ സംഘങ്ങൾക്ക് ഭക്ഷ്യ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുന്നതിനും, 02 സ്വാശ്രയ സംഘങ്ങൾക്ക് ജൈവവള നിർമ്മാണത്തിനും സാമ്പത്തിക സഹായം അനുവദിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, റോബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

കുറുമണി, മംഗലശ്ശേരി, ചുള്ളിയാന, മൊതക്കര, കോട്ടത്തറ, കാരക്കാമല ഒഴുക്കൻമൂല, വെള്ളൂന്നി, ചുങ്കക്കുന്ന്, ഏലപ്പീടിക, വാളേരി, വഞ്ഞോട്, ജൂഡ്സ്മൗണ്ട്, ആലാറ്റിൽ, പോരൂർ, തലപ്പുഴ, തവിഞ്ഞാൽ, വലിയകൊല്ലി, മഞ്ഞൂറ, പാറത്തോട്ടം, പയ്യമ്പള്ളി, എടയൂർക്കുന്ന്, തൃശ്ശിലേരി, ചെറുകാട്ടൂർ, ഒണ്ടയങ്ങാടി, കണിയാരം, ആറാട്ടുത്തറ, പാടിച്ചിറ, സീതമൗണ്ട് എന്നീ സ്ഥലങ്ങളിൽ യൂണിറ്റ് മീറ്റിംഗ് നടത്തി.

**ഗ്രൂപ്പ് രൂപീകരണം**

ചുള്ളിയാന, വെള്ളമുണ്ട, കുറുമ്പാല, കമ്പളക്കാട്, കൽപ്പറ്റ, തോമാട്ടുച്ചാൽ, വലിയകൊല്ലി, തവിഞ്ഞാൽ, വടക്കനാട്, കബനിഗിരി, ഏരിയപ്പള്ളി, ഇല്ലത്തുമൂല, കല്ലിയോട്ട്കുന്ന്, എടയൂർക്കുന്ന്

എന്നീ സ്ഥലങ്ങളിൽ പത്തുപേർ അടങ്ങുന്ന സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ് ആൻഡ് ഡിറ്റർജന്റ് നിർമ്മാണ പരിശീലനം**

പടിഞ്ഞാറത്തറ കൊറ്റുകുളം, വെള്ളമുണ്ട, തോണിച്ചാൽ, ചെന്നലോട്, ചെന്നലായി എന്നീ സ്ഥലങ്ങളിൽ സംഘാംഗങ്ങൾക്ക് സോപ്പ് നിർമ്മാണ പരിശീലനം നൽകി.

**യൂണിറ്റുകളിൽ ആട് വിതരണം നടത്തി**

കോട്ടത്തറ, വലിയകൊല്ലി, യവനാർകുളം, തവിഞ്ഞാൽ, എന്നീ യൂണിറ്റിൽ ആടുവിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**

ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

### Department for Labour Welfare & Social Security

**മെയ് 1 തൊഴിലാളി ദിനം**

ലോക തൊഴിലാളി ദിനവും തൊഴിലാളി മധ്യസ്ഥനായ വി. യൗസേപിതാവിന്റെ തിരുനാളും മെയ് ഒന്നിന് ആചരിച്ചു. KCBC ലേബർ കമ്മീഷൻ പുറപ്പെടുവിച്ച മെയ്ദിന സന്ദേശം എല്ലാ ഇടവകകളിലും എത്തിച്ചു.

**തൊഴിൽ സംരംഭകത്വ പരിശീലനം**

തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള പരിശീലങ്ങൾ സംഘടിപ്പിച്ചു. ഓരോ തൊഴിൽ മേഖലയിലും ഉള്ളവർ ചേർന്ന് സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പിന്തുണാ സംവിധാനങ്ങൾ നൽകാൻ സാധിച്ചേക്കും. കോഡിനേറ്റർമാർ തങ്ങളുടെ ഇടവകകളിൽ ഇതിനായി മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നിർമ്മാണ തൊഴിലാളി/ചെറുകിട തോട്ടം തൊഴിലാളി സംഗമം**

മെയ് 8ന് WSSSൽ വെച്ച് നിർമ്മാണ തൊഴിലാളികളുടേയും ചെറുകിട തോട്ടം തൊഴിലാളികളുടേയും സംഗമം നടത്തി. സംരംഭങ്ങൾ ആരംഭിക്കുന്നതിനെകുറിച്ചും, ആരോഗ്യപരിപാലനത്തെക്കുറിച്ചും, നൈപുണ്യവികാസത്തെകുറിച്ചും (up skilling) ക്ലാസ്സുകൾ അവതരിപ്പിച്ചു. സംഗമം WSSS ഡയറക്ടർ ഫാ.ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. ചെറുകിട തോട്ടം തൊഴിലാളി സംസ്ഥാന സെക്രട്ടറി ജോബി തോമസ് അധ്യക്ഷത വഹിച്ചു. WSSS പ്രോഗ്രാം കോഡിനേറ്റർ പി.എ ജോസ്, ജീവസ്സ് & കെ.എൽ.എം രൂപതാ ഡയറക്ടർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. കോഡിനേറ്റർ മിനിമോൾ, WSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നല്കി.

**സംസ്ഥാനതല നേതൃത്വ പരിശീലനം**

എറണാകുളം പി.ഒ.സി യിൽ വെച്ച് സംഘടിപ്പിക്കപ്പെട്ട രൂപതാതല നേതാക്കളുടെ സംഗമത്തിൽ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ബിജു പോൾ പങ്കെടുത്തു.

**തയ്യൽ തൊഴിലാളി സംഗമം**

മെയ് 15ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് തയ്യൽ തൊഴിലാളികളുടെ സംഗമം നടത്തി. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. ജീവസ് & കെ.എൽ.എം ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റിട്ട. പ്ലാന്റേഷൻ ഇൻസ്പെക്ടർ ജോബി തോമസ്, രൂപതാ ഡയറക്ടർ എന്നിവർ ക്ലാസ്സുകൾ എടുത്തു. രൂപതാതല കോഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. കോഡിനേറ്റർ മിനിമോൾ കൃതജ്ഞത അർപ്പിച്ചു.

**ഇടവക സെമിനാർ/ക്യാമ്പ്**

ഇടവകാതലത്തിൽ സെമിനാർ, ക്ഷേമനിധി ക്യാമ്പുകൾ സംഘടിപ്പിക്കാൻ കോഡിനേറ്റർമാർ മുൻകൈ എടുക്കണമെന്ന് താല്പര്യപ്പെടുന്നു. ഇടവക വികാരി അച്ചൻ മാറുന്നുവെങ്കിൽ പുതിയ വികാരിയെ കണ്ട് ജീവസ്സ് & കെ എൽ എം പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഇക്കോ ഷോപ്പുകൾ**

ഈ വർഷം തുറക്കണമെന്ന് കരുതുന്ന *ഇക്കോ ഷോപ്പുകൾ* ഏറ്റെടുക്കാൻ താല്പര്യമുള്ളവരുണ്ടെങ്കിൽ ജൂൺ 30 നു മുമ്പ് ഓഫീസിൽ പേര് തരേണ്ടതാണ്. ഇക്കാര്യം കോഡിനേറ്റർമാർ ഇടവകയിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സുരക്ഷാപെൻഷൻ & ക്ഷേമനിധി**

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ അംഗമായിട്ടുള്ള 60 വയസ്സ് പൂർത്തിയായ 12 പേർക്ക് ഈ മാസം ആനുകൂല്യം ലഭിച്ചു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ 03 പേർക്കും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ 02 പേർക്കും വാർദ്ധക്യ പെൻഷനായി അപേക്ഷ സമർപ്പിച്ചു. നിലമ്പൂർ ഫൊറോനയിലെ 25 പേർക്ക് തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാൻ മലപ്പുറം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. KTWF ന്റെ മലപ്പുറം ജില്ലയുടെ കോ-ഓർഡിനേറ്റർ ആയ ബിജു കോട്ടേപറമ്പിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. സമൃദ്ധകുടുംബം Phase 2 രണ്ടാംഘട്ട ധനസഹായം**

ബയോവിൻ അഗ്രോ റിസേർച്ചുമായി സഹകരിച്ച് നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി, നീലഗിരി ജില്ലയിൽ *സമൃദ്ധ കുടുംബം* പദ്ധതി നടപ്പാക്കുന്നു. ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന പാവപ്പെട്ടവരുടെയും നിർധനരായ സ്ത്രീകളുടെയും ഉന്നമനമാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. നൈപുണ്യ വികസനം, ടൈലറിംഗ് യൂണിറ്റ്, കൂൺ കൃഷി, കാർഷിക പ്രവർത്തനങ്ങൾ, ആട് വളർത്തൽ, കോഴി ഫാം തുടങ്ങിയ വരുമാനാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ കൂടുതൽ വരുമാനത്തിന് വഴിയൊരുക്കുന്നതിന് ഈ പദ്ധതി അവരെ സാമ്പത്തികമായി പിന്തുണയ്ക്കുന്നു.

കഴിഞ്ഞ ആറ് മാസത്തെ പ്രവർത്തനങ്ങളുടെ പ്രോജക്ട് വിലയിരുത്തലും സമൃദ്ധകുടുംബം രണ്ടാംഘട്ട ചെക്ക് വിതരണ യോഗവും 28-04-2025 ന് രാവിലെ 11 മുതൽ 1.00 വരെ NDS ഓഫീസിൽ വെച്ച് NDS ഡയറക്ടർ ബിനോയി അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഈ പദ്ധതിയുടെ 25 ഗുണഭോക്താക്കളിൽ 23 പേർ യോഗത്തിൽ പങ്കെടുത്തു. രണ്ടുപേർ ആശുപത്രിയിലായതിനാൽ യോഗത്തിൽ പങ്കെടുക്കാനായില്ല. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് കോ-ഓർഡിനേറ്റർ ജോഷി ടി പി സ്വാഗതം ആശംസിച്ചു. ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ പദ്ധതിയെക്കുറിച്ച് വിശദമായി വിശദീകരിച്ചു., ചെറുകിട വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ എല്ലാവരും ഏറ്റെടുക്കണമെന്നും, അവരുടെ നിലവിലെ പ്രവർത്തനങ്ങളുടെ അതിരുകൾ വികസിപ്പിക്കണമെന്നും പറഞ്ഞു. ബയോവിന്റെ പുതിയ സംരംഭമായ SIGWE ഓർഗാനിക് കറി മസാലയുടെ വിപണനത്തിന്റെ സാധ്യതകളും വ്യാപ്തിയും അച്ചൻ വിശദീകരിച്ചു.

സമൃദ്ധ കുടുംബം പദ്ധതി ഗുണഭോക്താക്കൾ സ്വയം പരിചയപ്പെടുത്തുകയും കഴിഞ്ഞ 6 മാസത്തിനിടെ നടത്തിയ പ്രധാന

പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പുതിയ വരുമാനമാർഗങ്ങൾ കണ്ടെത്താനും ജീവിതനിലവാരം ഉയർത്താനും പദ്ധതി സഹായിച്ചുവെന്ന് എല്ലാവരും ഏകകണ്ഠമായി സമ്മതിച്ചു. തുടർന്ന് രണ്ടാം ഗഡു ചെക്ക് (17000 രൂപ വീതം) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

NDS അസി. ഡയറക്ടർ ഫാ. അനൂപ് വർഗീസ്, പ്രോജക്റ്റ് തുകയെ യീസ്റ്റുമായി താരതമ്യം ചെയ്തു. അത് വരുമാന വർദ്ധക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി, അതിലൂടെ രണ്ടോ, മൂന്നോ, നാലോ ഇരട്ടിയായിവർദ്ധിപ്പിക്കണമെന്നും ജീവിത നിലവാരത്തെ ഉയർത്തണമെന്നും അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. തുടർന്ന് അച്ചൻ യോഗത്തിന് നന്ദി പറഞ്ഞു

**2. NDS General Body Meeting**

2025 മെയ് മാസം 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 4.00 മണിവരെ NDS ന്റെ General Body മീറ്റിംഗ് നടത്തപ്പെട്ടു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് NDS കോഡിനേറ്റർ ജോഷി സ്വാഗതം ആശംസിച്ചു. NDS പ്രസിഡന്റ് ഫാ. പോൾ മുണ്ടോളിക്കൽ മീറ്റിംഗിന് അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ NDS ന്റെ 2024-25 പ്രവർത്തനവർഷത്തെ റിപ്പോർട്ടും കണക്കും Power Point Presentation ന്റെ സഹായത്തോടെ അവതരിപ്പിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്തു.

കഴിഞ്ഞ 10 വർഷത്തെ NDS ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത്, NDS നെ വളർത്തി വലുതാക്കിയ, ബഹു. ബിനോയി അച്ചന് യാത്രയയപ്പ് നല്കി. ബഹു. പോളച്ചനും, ബിജു അച്ചനും, വർഗീസ് സാറും, മാത്യു സാറും, ലൈല ടീച്ചറും, കോഡിനേറ്റർ ജോഷിയും അച്ചന്റെ കഴിഞ്ഞ കാലങ്ങളിലെ സേവന പ്രവർത്തനങ്ങളെ അനുസ്മരിച്ച് സംസാരിച്ചു. NDS ന്റെ ആരംഭത്തെക്കുറിച്ചും, നിലവിലെ ഓഫീസ് നിർമ്മാണത്തിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചുമെല്ലാം വിശദീകരിച്ചു. അവസാനമായി ഏവർക്കും നന്ദി പറഞ്ഞുകൊണ്ട് മീറ്റിംഗ് അവസാനിപ്പിച്ചു.

**3. യൂണിറ്റ് ഓഡിറ്റിംഗ്**

2024-25 സാമ്പത്തിക വർഷത്തെ ക്രഡിറ്റ് യൂണിയൻ കണക്കുകളും, സ്വാശ്രയസംഘങ്ങളുടെ കണക്കുകളും മേഖല യുടെ നേതൃത്വത്തിൽ ഓഡിറ്റിംഗ് ചെയ്തു. NDS വിമലഗിരി, ബോസ്പാറ, കൽപ്ര യൂണിറ്റുകളുടെ കണക്കുകളാണ് ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് നൽകിയത്.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തന ങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂ ക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, കയ്യൂന്നി, കൊട്ടാട് പ്രദേശ ങ്ങളിൽ കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്കുകയും, കിടപ്പുരോഗികളായവരുടെ ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി യൂറിൻ ട്യൂബ്, റൈൽ ട്യൂബ് ഇടേണ്ട രോഗികൾക്ക് അത്തരം പരിചരണ ങ്ങളും നല്കി വരുന്നു. വസ്ത്രം ഇല്ലാതെ വിഷമത്തിൽ കഴി യുന്ന രോഗികൾക്കും വസ്ത്രവും, നിർദ്ദനരായ കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളും മേടിച്ചു നല്കി. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനുംപുറമേ നിർദ്ദനരായ രോഗികൾക്ക് ആംബു ലൻസ് സഹായം നൽകി. കോഴിക്കോട്, ബത്തേരി നൂൽപ്പുഴ, കുന്നലാടി പ്രദേശങ്ങളിലേക്ക് ആബുലൻസ് സർവ്വീസ് നടത്തുകയും ചെയ്തു.

**5. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മ സമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകൾ സന്ദർശിച്ച് ഓഡിറ്റിംഗ് പൂർത്തിയാക്കി.

**ധർമ്മഗിരി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിം ഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ,

ഇന്റേണൽ ഓഡിറ്റർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഗ്രൂപ്പുകളുടെയും ഓഡിറ്റിംഗ് പൂർത്തിയാക്കി. ബയോവിൻ SIGWE യുടെ വിപണനോദ്ഘാടനം നടത്തി.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്ററുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഓഡിറ്റിംഗ് നടത്തി.

**ബോസ്പാറ യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. രോഗീ സന്ദർശനം നടത്തി. ഡിഷ് വാഷ്, ലിക്വിഡ് നിർമ്മാണ പരിശീലനം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ ചിട്ടി തുടങ്ങി. യൂണിറ്റ് കോഡിനേറ്റർ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**സിഗ്‌വി-സസ്‌റ്റെയ്‌നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തു

കയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്‌ലെറ്റിൽ ഇവ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

ശ്രീ. ലൻസ് ഫിലിപ്പ്:8921595366 (info@sigwe.in)

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു.**

ബയോ ബത്തേരി, ബയോ ഇടവക, ബയോ ശ്രീ മധുരൈ ഐസിസ്കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും ഏപ്രിൽ മാസം 328078 കിലോ കാപ്പി 270 രൂപ നിരക്കിലും 3019 കിലോ ഇഞ്ചി 33 രൂപ നിരക്കിലും ഉണക്ക കുരുമുളക് 11585 കിലോ 750 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോ ലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണികണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**നശ മുക്ത് ഭാരത് അഭിയാൻ- ബോധവത്കരണ പരിപാടി**

ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളേക്കുറിച്ച് ബോധവത്കരിക്കുന്നതിനായി നടപ്പിലാക്കുന്ന നശമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ഏപ്രിൽ 23 ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ബോധവത്കരണ പരിപാടികൾ നടത്തി. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടിക്ക് കല്ലോടി സെന്റ് ജോസഫ്സ് സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകി. ഫ്ളാഷ് മോബ്, തെരുവുനാടകം എന്നിവയാണ് അവതരിപ്പിച്ചത്. മാനന്തവാടി ബസ്സ്റ്റാന്റ്, മിന്നുമണി ജംഗ്ഷൻ, കാട്ടിക്കുളം ബസ്സ്റ്റാന്റ്, കുറുവാ ദ്വീപ്, ദ്വാരക ടൗൺ, തരുവണ, പടിഞ്ഞാറത്തറ, ബാണാസുരസാഗർ, വെള്ളമുണ്ട 8/4, കല്ലോടി എന്നിവിടങ്ങളിൽ ആണ് ബോധവത്കരണ പരിപാടികൾ നടത്തിയത്. അസി. എക്സൈസ് കമ്മീഷണർ, എ. ജെ ഷാജി, പ്രവന്റീവ് ഓഫീസർ പ്രജീഷ് എ.സി, സിവിൽ എക്സൈസ് ഓഫീസർമാരായ വിജേഷ് കുമാർ പി, രാജേഷ് എം. ജി, സജിലേഷ് കെ, വിശാഖ് വി, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ജോൺ ജോഷി, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി. ഡയറക്ടർ ഫാ. ടോണി ആന്റണി, റെനീഷ് ജോർജ്, കല്ലോടി സെന്റ് ജോസഫ്സ് സ്കൂൾ പ്രധാന അധ്യാപകൻ ജോസ് പള്ളത്ത് എന്നിവർ നേതൃത്വം നൽകി.

**വേവ്സ് 2025**

മെയ് 1 മുതൽ 4 വരെ മുംബൈയിൽ നടന്ന വേവ്സ് 2025 (World Audio Visual Entertainment Summitt) ൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. ഇന്ത്യയിലെ ഏറ്റവും വലിയ മാധ്യമ വിനോദ ഉച്ചകോടിയായിരുന്നു വേവ്സ് 2025. ഇതിലൂടെ മാധ്യമ വിനോദ വ്യവസായത്തിൽ ആഗോള

തലത്തിൽ തന്നെ മുൻനിര സ്ഥാനം നേടുന്നതിനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. മെയ് 3 നായിരുന്നു കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം നടന്നത്. നയങ്ങൾ, ഏറ്റവും പുതിയ ട്രെൻഡുകൾ, കമ്മ്യൂണിറ്റി റേഡിയോകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ സമ്മേളനത്തിൽ ചർച്ചയായി. കമ്മ്യൂണിറ്റി റേഡിയോ കളിൽ പ്രവർത്തിക്കുന്നവർക്ക് അനുഭവങ്ങൾ പങ്കുവെക്കുന്ന തിനുള്ള വേദി കൂടിയായിരുന്നു സമ്മേളനം. കേന്ദ്ര വാർത്താവിത രണ പ്രക്ഷേപണ മന്ത്രാലയം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷനുമായി ചേർന്നാണ് സമ്മേളനം സംഘടിപ്പിച്ചത്.

**തത്സമയ ഫോൺ ഇൻ പരിപാടി**

**ഫയർ ഫോഴ്സ് സേവനങ്ങൾ** എന്ന വിഷയത്തിൽ ഏപ്രിൽ 24 ന് കൽപറ്റ ഫയർ ആന്റ് റസ്ക്യൂ ഓഫീസർ സുജയ് ശങ്കർ ശ്രോതാക്കളോട് സംവദിച്ചു.

**ഇന്റേൺഷിപ്പ്**

മാനന്തവാടി മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് ബി. എ ഇംഗ്ലീഷ് വിദ്യാർത്ഥികളായ ആൻലിയ കെ, ജിജി ഫഹീമ കെ, ഗംഗ പി എസ്, റിഷാന ഷെറിൻ റ്റി എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിനായി മെയ് 12 ന് ജോയിൻ ചെയ്തു.

കോഴിക്കോട് ജെ.ഡി.റ്റി കോളേജ് വിദ്യാർത്ഥി ഷബാന ഇബ്രാഹിം ഒരുമാസത്തെ ഇന്റേൺഷിപ്പിനായി മെയ് 13 ന് ജോയിൻ ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**Best Research Award for Dr. Sijo A. K**

Dr. Sijo A. K. from the Department of Physics received the Best Researcher Award in Material Science for his outstanding contributions to the field.

**Campus Recruitment Drive**

The Career Guidance and Placement Cell, in association with the IQAC, organized a campus recruitment drive with VONNUE, a software company based in Sulthan Bathery, on April 15, 2025. Eleven students from our college were selected for employment and trainee positions.

**'Ente Keralam' Exhibition**

Our college actively participated in the *Ente Keralam* exhibition—a Kerala Government initiative—held at SKMJ School, Kalpetta, from April 22 to April 28, 2025.

**Students' Biodiversity Congress 2025**

The Students' Biodiversity Congress 2025, organized by the Kerala State Biodiversity Board, was successfully hosted at our college on April 30, 2025.

**PhD Pre-submission Seminar**

Mr. Binoy Joseph from the Mathematics Research Centre presented his PhD findings on May 2, 2025, as part of the mandatory requirements before thesis submission.

**NSS Programme Coordinator**

Dr. Rajitha Xaviour has been appointed as the new NSS Programme Coordinator for a three-year term, succeeding Dr. Sanu Francis, who completed three years of remarkable service in the role.

**Admission Nodal Officers (2025–26)**

Dr. Remya Krishnan has been appointed as the Admission Nodal Officer for the academic year 2025–26. Mr. Jince Joseph will serve as the Assistant Nodal Officer.

**Research Publications and Presentations**

- Sr. Elizabeth M. J., Assistant Professor, Department of Computer Science, published a paper titled *Cellular Automata-Based Sentiment Analysis* for Bipolar Classification of Reviews in the journal Complex Systems.
- Ms. Jimly Manuel and Dr. Sr. Bindhu K. Thomas co-authored a paper titled Graph-Theoretical Properties Driven by the Structure of the Group Zn: An Investigation into Order-Inverse Digraphs, published in the Indian Journal of Pure and Applied Mathematics by Springer Nature.
- Dr. Sijo A. K. published an article titled Optical and Structural Characterization of SILAR-Coated Mn-Doped Films for LEDs in the Journal of Materials Science: Materials in Electronics, a Scopus-indexed journal by Springer Nature.

**Student Achievement**

- Senior Under Officer Akshay T. A. was awarded the prestigious DG NCC Commendation Card in recognition of his exemplary service.

**Dr. Geetha Antony Pullen**
Principal in Charge

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടി

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

1. മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും പുതുശേരി കുടുംബശ്രീ യൂണിറ്റും അംഗൻവാടിയും സംയുക്തമായി 01-04-2025 ന് നടത്തിയ മെഡിക്കൽ ക്യാമ്പിൽ ബ്രെസ്റ്റ് കാൻസർ സ്ക്രീനിംഗ്, ജനറൽ മെഡിസിൻ, പൾമനോളജി എന്നീ സേവനങ്ങൾ ലഭ്യമാക്കി. 60 പേർ ക്യാമ്പിൽ പങ്കെടുത്തു.

2. മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തും ചേർന്ന് 05-04-2025 ന് നടത്തിയ മെഡിക്കൽ ക്യാമ്പിൽ ബ്രെസ്റ്റ് കാൻസർ സ്ക്രീനിംഗ്, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, ജനറൽ മെഡിസിൻ, പൾമനോളജി എന്നീ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കി. 50 പേർ ക്യാമ്പിൽ പങ്കെടുത്തു.

**ഒഫ്ത്താൽമോളജി വിഭാഗം**

ഹോസ്പിറ്റലിൽ ഒഫ്ത്താൽമോളജി വിഭാഗത്തിൽ ഡോ. ആരതി എസ് മേനോൻ (MBBS, MS, DNB) ചാർജ് എടുത്തു.

**SJMH ACADEMY**

സെന്റ് ജോസഫ്സ് അക്കാഡമി നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകളുടെ മൂന്നാം ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ലഭ്യമായ കോഴ്സുകൾ**

1. മെഡിക്കൽ ലബോറട്ടറി ടെക്നോളജി
2. മെഡിക്കൽ ഇമേജിങ് & റേഡിയോളജി ടെക്നോളജി
3. ഡയാലിസിസ് ടെക്നോളജി
4. ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി
5. ഹോസ്പിറ്റൽ മാനേജ്മെന്റ്

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള കണിയാരം എ.എൽ.പി സ്കൂളിനായി നിർമ്മിച്ച ആധുനിക സാങ്കേതിക സൗഹൃദ വിദ്യാലയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. 2024-25 അധ്യയനവർഷത്തെ SSLC പരീക്ഷയിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള എട്ട് വിദ്യാലയങ്ങൾ 100 ശതമാനവും ഒരു വിദ്യാലയം 99.44 ശതമാനവും വിജയം കരസ്ഥമാക്കി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ബി. ആർ. സി തലത്തിൽ നടത്തിയ ആടാം പാടാം സമ്മർ ക്യാമ്പിന് വിദ്യാലയം വേദിയായി. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഒന്നാം ക്ലാസ്സുകാരുടെ പുസ്തകത്തിൽ വിദ്യാലയത്തിലെ ഒന്നാം ക്ലാസ്സുകാരന്റെ ഡയറിക്കുറിപ്പും ഇടം പിടിച്ചു. 2024-25 അധ്യയനവർഷത്തെ LSS പരീക്ഷയിൽ നാല് വിദ്യാർത്ഥികൾ സ്കോളർഷിപ്പ് കരസ്ഥമാക്കി. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാലയതല സമിതി രൂപീകരിക്കുകയും അടുത്ത അധ്യയനവർഷത്തേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വിദ്യാലയ ശുചീകരണ പ്രവർത്തനങ്ങളെയും സുരക്ഷയെയും മുൻനിർത്തി രക്ഷിതാക്കളെ ഉൾപ്പെടുത്തി ആലോചനാ യോഗം ചേർന്നു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

അവധിക്കാലത്ത് വിവിധങ്ങളായ പഠനപ്രവർത്തനങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ നൽകിവരുന്നു. വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രവർത്തനങ്ങൾ തുടരുന്നു. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ വീടുകളിൽ സന്ദർശനം നടത്തി. വിദ്യാലയം തുറക്കുന്നതിനു മുന്നോടിയായി പരിസരം വൃത്തിയാക്കാൻ ആരംഭിച്ചു. സ്കൂൾതല സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**VI നിർമ്മല എൽ. പി. എസ് ആലാറ്റിൽ**

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി സ്കൂൾതല രൂപീകരണം ഉദ്ഘാടനം ചെയ്തു. സ്നേഹപൂർവ്വം ചാരിറ്റി ബോക്സ് സ്ഥാപിച്ചു. സ്കൂൾ പരിസര ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. ക്ലാസ് ഗ്രൂപ്പുകളിൽ അവധിക്കാല പ്രവർത്തനങ്ങൾ നൽകിവരുന്നു.

**VII പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**VIII സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വായനശാലയുമായി ചേർന്ന് വായനവസന്തം പരിപാടിക്ക് തുടക്കമായി. വാർഷിക മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ക്ലാസ് പി.ടി.എ യോഗം ചേർന്നു.

**IX സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

'കർഷകനെ അറിയാം കൃഷിയും പഠിക്കാം' പ്രവർത്തനത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ ഇഞ്ചികൃഷിക്ക് തുടക്കം കുറിച്ചു.

**X സി. കെ. എൽ. പി സ്കൂൾ മണിമൂളി**

നാലാം ക്ലാസ്സുകാർക്കായി നടത്തിയ LSS പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു.

**XI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. അധ്യാപകരും പി.ടി.എ അംഗങ്ങളും ചേർന്ന് വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**XII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി സ്കൂൾതല രൂപീകരണം വാർഡ് മെമ്പർ ഉദ്ഘാടനം ചെയ്തു. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി.

**യു. പി വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

അഡ്മിഷനുമായി ബന്ധപ്പെട്ട് ഫീഡിങ് സ്കൂളുകളിൽ സന്ദർശനം നടത്തി. യു.എസ്. എസ് പരീക്ഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ് തുടങ്ങി. പുതിയ ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ബി.ആർ.സി തലത്തിൽ സംഘടിപ്പിച്ച കളിക്കാം രസിക്കാം എന്ന പരിപാടിയിൽ സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനവും വികസന സമിതി രൂപീകരണവും നടത്തി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ സന്മാർഗ ശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷയിൽ നാലാം ക്ലാസ് വിദ്യാർത്ഥി രണ്ടാം സ്ഥാനം നേടി. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

സ്കൂൾ അഡ്മിഷനുമായി ബന്ധപ്പെട്ട് ഭവനസന്ദർശനം നടത്തി. വിദ്യാലയം പെയിന്റ് ചെയ്തു മനോഹരമാക്കി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തിയ ഭവനസന്ദർശനവും അവധിക്കാല പ്രവർത്തനങ്ങളും വിലയിരുത്താൻ അധ്യാപകരുടെ പ്രത്യേകയോഗം ചേർന്നു.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നിർവഹിച്ചു.

**VII എ. യു. പി. സ്കൂൾ ദ്വാരക**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. ബി.ആർ.സി തലത്തിൽ സംഘടിപ്പിച്ച *കളിക്കാം രസിക്കാം* എന്ന പരിപാടിയ്ക്ക് വിദ്യാലയം വേദിയായി. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ സന്മാർഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷയിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**VIII സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**IX സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവനസന്ദർശനം നടത്തുകയും സ്കൂൾ മികവുകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള  പോസ്റ്റർ പ്രസിദ്ധീകരിക്കുകയും ചെയ്തു.

**X സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. അധ്യാപകരും പി.ടി.എ അംഗങ്ങളും ചേർന്ന് വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**XI സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

അധ്യാപകരും പി.ടി.എ അംഗങ്ങളും ചേർന്ന് വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. വിദ്യാവാഹിനി മോണിറ്ററിങ് സമിതി രൂപീകരിച്ചു.

**XII സെന്റ്  ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. മാനന്തവാടി രൂപത  കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടപ്പിലാക്കുന്ന എല്ലാവരും എഴുതുന്നു; എല്ലാവരും വായിക്കുന്നു പദ്ധതിയുടെ ഉദ്ഘാടനവും നടത്തി.

**XIII സെന്റ്  ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ബി.ആർ.സി തലത്തിൽ സംഘടിപ്പിച്ച *കളിക്കാം രസിക്കാം* എന്ന പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. വയനാടിന്റെ

വിവിധ ഭാഗങ്ങളിൽ വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ഫ്ളാഷ് മോബുകൾ അവതരിപ്പിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ സന്മാർഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷയിൽ ഏഴാം ക്ലാസ് വിദ്യാർത്ഥി മൂന്നാം സ്ഥാനം നേടി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

അവധിക്കാലത്ത് വിദ്യാർത്ഥികൾക്കായി *അക്ഷരമുത്തുകളെന്ന*പേരിൽ സന്മാർഗ കഥകൾ ഗ്രൂപ്പുകളിൽ നൽകിവരുന്നു. 2024 –25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. സ്കൂളിലെ വിദ്യാർത്ഥിക്ക് നാഷണൽ ട്രക്കിങ് ക്യാമ്പിലേക്ക് സെലക്ഷൻ ലഭിച്ചു. ഇന്ത്യ യൂത്ത് ഗെയിംസ് കളരിപ്പയറ്റിൽ ഹൈ കിക്ക് വിഭാഗത്തിൽ വെള്ളിമെഡൽ നേടി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

2024–25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. 50 വിദ്യാർത്ഥികൾ ഫുൾ എ പ്ലസ് കരസ്ഥമാക്കി. പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിൽ സെൽഫി പോയിന്റ് സ്ഥാപിച്ചു. 2000 സ്ക്വയർ ഫീറ്റ് ഇന്റർലോക്കും നൽകി. പാചകപ്പുരയുടെ നിർമാണം ആരംഭിച്ചു.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

2024–25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ സന്മാർഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷയിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികളുടെ തൃതീയ സോപാൻ ടെസ്റ്റ് നടത്തപ്പെട്ടു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

മിംസ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**V അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ഏഷ്യൻ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ കരസ്ഥമാക്കി. 2024–25 വർഷത്തെ SSLC പരീക്ഷയിൽ 100

ശതമാനം വിജയം കൈവരിച്ചു. 68 വിദ്യാർത്ഥികൾ എല്ലാവിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി.

**VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സ്കൂൾതല സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. 2024-25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. 25 വിദ്യാർത്ഥികൾ ഫുൾ എപ്ലസ് കരസ്ഥമാക്കി.

**VII നിർമല ഹൈസ്കൂൾ കബനിഗിരി**

2024-25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. 16 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ സന്മാർഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**VIII ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

എട്ടാം ക്ലാസ്സിൽ 30 ശതമാനം മാർക്ക് നേടാത്ത വിദ്യാർത്ഥികൾക്കായി അധിക പഠന പിന്തുണ ക്ലാസുകൾ നൽകി. ഇ. ശ്രീധരൻ മാസ്റ്റർ സ്കോളർഷിപ്പ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് സ്കോളർഷിപ്പ് എന്നിവ വിദ്യാർത്ഥികൾക്ക് ലഭിച്ചു.

**IX സി. കെ. എച്ച്. എസ് മണിമൂളി**

2024-25 വർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. വിദ്യാർത്ഥി പ്രതിഭകളെ ആദരിക്കുകയും ഏകജാലക അഡ്മിഷൻ വിവിധ കോമ്പിനേഷൻ എന്നിവയെക്കുറിച്ചുള്ള ക്ലാസ് നൽകുകയും ചെയ്തു. റീഡിങ് കോർണറിന്റേയും അസംബ്ലി ഹാളിന്റെയും നിർമാണപ്രവർത്തികൾ നടന്നുവരുന്നു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിച്ചു. അവധിക്കാല ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. SSLC പരീക്ഷയിൽ വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ ക്ലാസും ഗൈഡൻസും നൽകി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

പുതിയ അധ്യയന വർഷത്തിനായുള്ള ഒരുക്കങ്ങൾ തുടങ്ങി. വിദ്യാലയപരിസരം NSS, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവയുടെ നേതൃത്വത്തിൽ ചെയ്തു. SSLC പാസ്സായ വിദ്യാർത്ഥികൾക്കായി ഫോക്കസ് പോയിന്റ് ക്ലാസ് നൽകി. അഡ്മിഷൻ ഹെല്പ് ഡെസ്ക് ആരംഭിച്ചു.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

SSLC പാസ്സായ വിദ്യാർത്ഥികൾക്കായി പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഫോക്കസ് പോയിന്റ് എന്ന പേരിൽ ക്ലാസ് നൽകി. അഡ്മിഷൻ ഹെല്പ് ഡെസ്ക് ആരംഭിച്ചു.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

കേരളത്തിലെ മികച്ച ഹയർസെക്കണ്ടറി പ്രിൻസിപ്പലിനുള്ള പുരസ്കാരം വിദ്യാലയത്തിലെ പ്രിൻസിപ്പൽ മാർട്ടിൻസാർ കരസ്ഥമാക്കി.

SSLC, LSS, USS പരീക്ഷകളിൽ അഭിമാനകരമായ വിജയങ്ങൾ കൈവരിച്ച വിദ്യാർത്ഥികളെയും അതിനായി അവർക്ക് നിരന്തര പരിശീലനം നൽകിയ അധ്യാപകർക്കും പിന്തുണയുമായി കൂടെനിന്ന രക്ഷിതാക്കൾക്കും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
(കോർപ്പറേറ്റ് മാനേജർ)



# *Bishop's Programme*

***June- July 2025***

| | |
|---|---|
| *01 Sunday : ........................* | *Morning: Vakery: Laying of Foundation Stone for Church* |
| *Evening: ...................* | *Bathery: Reception to Jacobite Catholicos* |
| *02 Monday: .........................* | *Engaged* |
| *03Tues- 5Thurs: ................* | *POC: KCBC Meeting* |
| *07 Saturday: ......................* | *Kartikulam: Inauguration of FEDAR Finishing School* |
| *10 Tuesday: .......................* | *Forane Vicars' Meeting* |
| *14 Saturday: .....................* | *Dwaraka: Pastoral Council* |
| *15 Sunday: ........................* | *Ruby Nagar: Laying of Foundation Stone for Church* |
| *16 Monday: .......................* | *Bathery: Blessing of SABS Ayurveda Hospital* |
| *17 Tues- 19 Thur: .............* | *Dwaraka: Ongoing formation of Priests: second batch* |
| *21 Saturday: .......................* | *Dwaraka: Diocesan History Book Editorial Board Meeting* |
| *26 Thurs- August1 Fri: .......* | *Abroad* |

# *Auxiliary Bishop's Programme*



***June 2025***

| | |
|---|---|
| *01 Sunday: ..........................* | *Changanacherry Cathedral: Holy Mass* |
| *02 Monday: ........................* | *Thrissur: Mary Matha Major Seminary: Holy Mass & Inauguration of the Academic Year* |
| *03Tues- 5Thurs: .................* | *POC: KCBC Meeting* |
| *07 Saturday: .......................* | *Dwaraka: Zion Retreat Centre: Convention Talk* |
| *09 Monday: .......................* | *Kayyunni: Sacred Heart Matriculation Higher Secondary School: Inauguration of the Academic Year* |
| *10 Tuesday: ........................* | *Forane Vicars' Meeting* |
| *14 Saturday: .......................* | *Dwaraka: Pastoral Council* |
| *15 Sun- 20 Fri: ..................* | *Vijayapuram: Retreat for priests* |
| *21 Saturday: ......................* | *Kunnoth: St. Thomas Forane Church: Jubilee Mass* |
| *29 Sunday: .........................* | *Padamala: Pastoral Visit* |

***July 2025***

| | |
|---|---|
| *13 Sunday: ........................* | *Chennalode: Pastoral Visit* |
| *20 Sunday: .........................* | *Karimani: Pastoral Visit* |
| *27 Sunday: ..........................* | *Kolavayal: Pastoral Visit* |